بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 10

ലക്കം 40

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഒക്ടോബർ 02 • ഹി.ശം 1404 അഖാഅ് 02 • ഹി:ഖ 1447 റബീഉൽ ആഖർ 09

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ لَہُمۡ اَجۡرٌ غَیۡرُ مَمۡنُوۡنٍ ۝۹

(سُوۡرَۃُ حٰمٓ السَّجۡدَۃِ:۹)

തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് നിരന്തരമായ പ്രതിഫലം ലഭിക്കുന്നതാണ്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### എത്രമാത്രം സമ്പന്നനാണോ അത്രമാത്രം ആശ്രിതനുമാണ്; ഇപ്രകാരം ചെലവഴിക്കുന്നവനൊഴികെ

ഹദ്റത്ത് അബൂദർرضی اللہ عنہ പറയുന്നു: "ഞാൻ നബിﷺ തിരുമേനിയോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. നബിﷺ തിരുമേനി ഉഹുദുമല കണ്ടപ്പോൾ പറഞ്ഞു: ഉഹുദുമല എന്റെ മുമ്പിൽ സ്വർണമായി മാറിയെന്ന് വിചാരിക്കുക. എങ്കിൽപ്പോലും ഒരു ദീനാറെങ്കിലും മുന്നൂ ദിവസത്തിൽകൂടുതൽ എന്റെ യടുക്കലിരിക്കുവാൻ ഞാനിഷ്ടപ്പെടുകയില്ല. വേണ്ടിവന്നാൽ കടം വീട്ടാൻ ഒരു ദീനാറുമാത്രം ഞാൻ സൂക്ഷിച്ചുവെക്കും. ശേഷം നബിﷺതിരുമേനി പറഞ്ഞു: നിശ്ചയം കൂടുതൽ ധനമുള്ളവരാണ് കുറച്ചു പുണ്യം ലഭിക്കുന്നവർ.

ഇന്നൽ അക്ഥരീന ഹുമുൽ അഖല്ലൂൻ: ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു: ഈ വാക്യം'ജവാമിഉൽകലമിൽ'പ്പെട്ടതാണ്. അതിന്റെ ചുരുക്കം ഇതാണ്, സമ്പന്നത പണം ശേഖരിച്ചുവെക്കുന്നതിലല്ല. പ്രത്യുത അധികം സമ്പന്നരും ഉൽകൃഷ്ടസ്വഭാവങ്ങളിൽനിന്ന് പിന്തള്ളപ്പെട്ട കാരണത്താൽ മിസ്കീന്മാരാണ്. സമ്പന്നത അഥവാ ധനാഢ്യത്വം സമ്പത്ത് ശേഖരിച്ചുവെക്കുന്നതിലല്ല. പ്രത്യുത വലത്തും ഇടത്തും ചെലവഴിക്കുന്നതിലാണ്. ദീനീപരവും ദുൻയാവുപരവുമായ ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചാണ് സമ്പത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുന്നത്. പണം ശേഖരിച്ചുവെക്കുകയും കടമകൾ നിറവേറ്റുന്നതിൽ ചെലവഴിക്കാതിരിക്കുകയും ചെയ്തവനാണ് ഏറ്റവും വലിയ പാപ്പരൻ. എന്നാൽ, ആരാണോ തന്റെ സമ്പത്തുകൊണ്ട് കടമകൾ നിറവേറ്റിയത് അവനാണ് യഥാർഥത്തിൽ സമ്പന്നൻ. അയാൾ സമ്പത്തിന്റെ യഥാർഥ ഉദ്ദേശ്യം കരസ്ഥമാക്കി. നബിﷺ തിരുമേനിയുടെ സമ്പത്തിനെ സംബന്ധിച്ചുള്ള ഈ വീക്ഷണം അങ്ങേയറ്റം യുക്തിപരമാണ്. *(സ്വഹീഹുൽ ബുഖാരി, വാള്യം 4, കിതാബുൽ ഇസ്തിഖറാള്, പ്രസാധനം 2008, ഖാദിയാൻ)*

## ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക. ഇതിലൂടെ പാപവും മാപ്പാക്കപ്പെടുന്നു. അല്ലാഹു മക്കളേയും തരുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

### ഇസ്തിഗ്ഫാറും യഖീനും

(പൊറുക്കലിനെ തേടലും ദൃഢനിശ്ചയവും)

• ഒരാൾ പറഞ്ഞു: എനിക്കു കുട്ടികളുണ്ടാകാൻ ഹുദൂർ ദുആ ചെയ്താലും. അവിടന്ന്عليه السلام പറഞ്ഞു: "ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക. ഇതിലൂടെ പാപവും മാപ്പാക്കപ്പെടുന്നു. അല്ലാഹു മക്കളേയും തരുന്നു. ഓർമിക്കുക, ദൃഢനിശ്ചയം വലിയ കാര്യമാണ്. ദൃഢനിശ്ചയത്തിൽ പരിപൂർണനാകുന്നവനെ വിപൽഘട്ടങ്ങളിൽ അല്ലാഹുതന്നെ സഹായിക്കുന്നു."

• പരീക്ഷണത്തിലകപ്പെട്ട ഒരാൾക്കുവേണ്ടി ദുആയ്ക്ക് അപേക്ഷിക്കപ്പെട്ടു. പറഞ്ഞു: "ദുആ ചെയ്യുന്നുണ്ട്. എന്നാൽ, ചില ഘട്ടങ്ങളിൽ അല്ലാഹു മനുഷ്യനുവേണ്ടി മറ്റേതെങ്കിലും നിഅ്മത്ത് വെച്ചിട്ടുണ്ടാകും. ദുആ ചെയ്യപ്പെട്ട വാക്കുകളിൽ പുലർന്നതായിട്ട് കാണപ്പെടുകയില്ല. അതിൽ ഒരു പരീക്ഷണമുണ്ടായിരിക്കും; ബാഹ്യത്തിൽ നല്ലവരെന്ന് കാണപ്പെടുന്നവരുടെ കാര്യത്തിൽ പ്രത്യേകിച്ചും. കാരണം തങ്ങൾ നല്ലവരായിരുന്നു, തങ്ങളിലെന്തിനാണ് പരീക്ഷണം വന്നതെന്ന് അവർ മനസ്സിലാക്കുന്നു."

### അല്ലാഹുവിൽ വിശ്വാസം

• പറഞ്ഞു: നമുക്ക് അല്ലാഹുവിൽ എത്രമാത്രം വിശ്വാസമുണ്ടെന്നാൽ, നമുക്കുവേണ്ടി ദുആതന്നെ നാം ചെയ്യാറില്ല. കാരണം അവൻ നമ്മുടെ അവസ്ഥ നല്ലവണ്ണം അറിയുന്നു. ഹദ്റത്ത് ഇബ്റാഹീമിനെعليه السلام സത്യനിഷേധികൾ തീയിലിട്ടപ്പോൾ മലക്കുകൾവന്ന് ഹദ്റത്ത് ഇബ്റാഹീമിനോടു, അങ്ങയ്ക്കെന്തെങ്കിലും ആവശ്യമുണ്ടോ എന്ന് ചോദിച്ചു. ഹദ്റത്ത് ഇബ്റാഹീംعليه السلامപറഞ്ഞു: **ബലാ– വലാക്കിൻ ഇലയ്ക്കും ലാ** 'അതേ ആവശ്യമുണ്ട്. എന്നാൽ, നിങ്ങളുടെ മുമ്പിൽ അതു പറയേണ്ട ആവശ്യമില്ല.' മലക്കുകൾ പറഞ്ഞു: "നല്ലത്! അല്ലാഹുവിന്റെ മുമ്പിൽ ത്തന്നെ ദുആ ചെയ്യുക." അപ്പോൾ ഹദ്റത്ത് ഇബ്റാഹീംعليه السلامപറഞ്ഞു: **ഇൽമുഹൂ മിൻ ഹാലീ ഹസ്ബീ മിൻ സുവാലീ** അവനെന്റെ അവസ്ഥയെ കുറിച്ച് എങ്ങനെ അറിയുന്നവനാണെന്നാൽ എനിക്കു ചോദിക്കേണ്ട ആവശ്യംതന്നെയില്ല." (മൽഫൂദാത്ത് വാള്യം 2, പേജ് 89,91, 2018 ഖാദിയാൻ പതിപ്പ്)

**ഇത് മാനുഷിമായ ശ്രേഷ്ഠതയുടെ ആ അവസാനത്തെ പോയന്റാകുന്നു, ഈ ശ്രേഷ്ഠസ്ഥാനത്തെത്തി ദൈവികമായ ഗുണങ്ങൾ അവന്റെ ഖൽബിലെ ദർപ്പണത്തിൽ പ്രതിഫലിക്കാൻ തുടങ്ങുന്നു. അവൻ അല്ലാഹുവിന്റെ പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും പ്രതീകമായിത്തീരുന്നു. അവനോടു ശത്രുത പുലർത്തുന്നവർ അല്ലാഹുവിനോടു ശത്രുത പുലർത്തുന്നവരും അവനോടു സ്നേഹം പുലർത്തുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും സമ്മാനങ്ങൾക്കും പാത്രിഭൂതരുമായിത്തീരുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہ സൂറത്തുൽമുഅ്മിനൂനിലെ 18-ാമത്തെ വചനരമായ വലഖദ് ഖലഖ്നാ ഫൗഖക്കും സബ്അ ത്വറാഇഖ എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

പിന്നീട് മനുഷ്യൻ ഇതിനെക്കാളും മുമ്പോട്ടു അഭിവൃദ്ധിപ്പെടുന്നു. ആറാമത്തെ പദവി അവനു കരസ്ഥമാകുന്നു. അതിലെങ്ങനെയുള്ള തഖ്‌വാ ഉണ്ടാകുന്നുവെന്നാൽ അവൻ സ്വയമേവ പൂർണമായ നിലയിൽ അല്ലാഹുവിന്റെ കൈയിൽ തന്നെ ഏൽപ്പിക്കുന്നു. **ബലാ മൻ അസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ ലഹൂ അജ്റുഹൂ യിൻദ റബ്ബിഹീ വലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ**(2:113) അങ്ങനെയല്ല, ഏതൊരാൾ സുകൃതം ചെയ്യുന്നവനായിരിക്കെ അല്ലാഹുവിന് സ്വയം അർപണം ചെയ്യുന്നുവോ അവന് തന്റെ രക്ഷിതാവിന്റെയടുക്കൽ അവന്റെ പ്രതിഫലമുണ്ട്. അവർ എല്ലാവിധ ഭയത്തിൽനിന്നും വ്യസനത്തിൽനിന്നും സുരക്ഷിതരായിരിക്കും. മലക്കുപരമായ സ്ഥാനത്ത് തനിക്കുമെന്തെങ്കിലും ചെയ്യാൻ കഴിയുമെന്നും തനിക്ക് കൽപനകിട്ടിയാൽ താൻ ഓടിപ്പോയി അത് നിറവേറ്റുന്നതാണെന്നും അവൻ മനസ്സിലാക്കിയിരുന്നു. എന്നാൽ, ഈ സ്ഥാനത്തെത്തിയാൽ മനുഷ്യന്റെ അവസ്ഥ എങ്ങനെയാകുമെന്നാൽ അവൻ പറയുന്നു, ഞാനൊന്നുംതന്നെയല്ല. നിന്റെ ഇഷ്ടംപോലെ എന്നെ നടത്തിയാലും. ഈ സ്ഥാനത്തെത്തിയാൽ അവന്റെ സകല ജോലിയും അല്ലാഹുവിന്റെ ജോലിയായി തീരുന്നു. കാരണം അവൻ സ്വയമേവ അല്ലാഹുവിന്റെ കൈയിൽ ജീവനില്ലാത്ത ഒരായുധംകണക്കെ തന്നെ നല്കുന്നു. അത്തരമാളുകളെക്കുറിച്ചാണ് നബിﷺതിരുമേനി പറഞ്ഞത്, ചിലയാളുകൾ അഭിവൃദ്ധിപെട്ടുപെട്ട് ഏതൊരുസ്ഥാനത്തെത്തുന്നുവെന്നാൽ, അല്ലാഹുവിന്റെ കണ്ണുകളും ചെവിയും കൈയും കാലുമായിത്തീരുന്നു. അതായത് അവരുടെ സകല അനക്കമടക്കങ്ങളും അവന്റെ ഇഷ്ടമനുസരിച്ചുണ്ടാകുന്നു. അവൻ എല്ലാ പരീക്ഷണങ്ങളിൽനിന്നും ചതികളിൽ നിന്നും സുരക്ഷിതനായിത്തീരുന്നു.

മനുഷ്യൻ അഭിവൃദ്ധിപ്പെട്ടെത്തുന്ന ഏഴാമത്തെ ഘട്ടം **ഥുമ്മ അൻശഅ്**

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ശ്രദ്ധേയമായൊരു കാര്യം, യുദ്ധക്കളത്തിലെ സാഹചര്യം എന്തു തന്നെയായിരുന്നാലും, അവിടന്ന് അചഞ്ചലമായ ധൈര്യവും നിശ്ചയദാർഢ്യവുമാണ് പ്രകടിപ്പിച്ചിരുന്നത്. വലിയ വീരന്മാർക്കുപോലും കാലിടറുമ്പോൾ, അവിടന്ന് ഒരു പാറപോലെ ഉറച്ചുനിന്നിരുന്നു.**

**ഹുനയ്നിലെ യുദ്ധത്തിൽ ആദ്യവിജയം മുസ്‌ലിമീങ്ങൾക്കുണ്ടായി. പിന്നീട് ശത്രുക്കളുടെ അതിരൂക്ഷമായ ആക്രമണത്തിൽ പരിഭ്രാന്തിപരന്നു. താൽക്കാലികമായി പരാജയമുണ്ടായി. പക്ഷേ, അവസാനം മുസ്‌ലിമീങ്ങൾക്ക് മികച്ച വിജയമാണുണ്ടായത്.**

**ബറാഅ് ബിൻ ആസിബ് പറയുന്നു: "ഞാൻ നബിﷺതിരുമേനിയെ ഒരു വെളുത്ത കോവർക്കഴുതപ്പുറത്ത് കണ്ടു. അബൂസുഫിയാൻ ബിൻ ഹാരിഥായിരുന്നു അതിന്റെ കടിഞ്ഞാൺ പിടിച്ചിരുന്നത്. നബിﷺതിരുമേനി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു:**

**അനന്നബിയ്യു ലാ കദിബ് അനബ്നു അബ്ദിൽ മുത്ത്വലിബ്**
**(ഞാൻ നബിയാണ്, ഇത് കളവല്ല, ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്.)**

**അല്ലാഹുവാണെ സത്യം!യുദ്ധം കൊടുമ്പിരികൊള്ളുമ്പോൾ ഞങ്ങൾ നബിﷺതിരുമേനിയുടെ അഭയത്തിൽ വരുമായിരുന്നു. നബിﷺതിരുമേനിയുടെ അടുത്ത് നിൽക്കുന്ന ആളെയായിരുന്നു ഏറ്റവും വലിയ ധീരനായി മനസ്സിലാക്കിയിരുന്നത്.**

**ഹുനയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന ചർച്ച. ജൽസാസാലാന ജർമനിയിൽ പങ്കെടുക്കുന്നവർക്കുള്ള ഉപദേശം. ലോകത്തിനുവേണ്ടി ദുആയ്ക്കുള്ള ആഹ്വാനം.**

**ഇന്നുമുതൽ ജർമ്മൻ ജൽസാ സാലാന ആരംഭിച്ചിരിക്കുകയാണ്...... ഈ ദിവസങ്ങളിൽ തങ്ങളുടെ വൈജ്ഞാനികവും കർമപരവും ആത്മീയവുമായ വളർച്ചക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടേ പോകുമെന്ന് പ്രതിജ്ഞയെടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഈ ദിവസങ്ങളിൽ പ്രത്യേകം ദിക്റെ ഇലാഹി അഥവാ ദൈവസ്മരണയിലും പ്രാർഥനകളിലും സമയം ചെലവഴിക്കുക.**

**പാക്കിസ്താനിൽ ദിവസവും എന്തെങ്കിലുമൊക്കെ വേദനാജനകമായ സംഭവം നടക്കുന്നുണ്ട്. അല്ലാഹു എത്രയുംവേഗം ഈ എതിരാളികളെ പിടികൂടുമാറാകട്ടെ.**

**ഫലസ്തീനികൾക്കുവേണ്ടിയും ലോകത്തിന്റെ പൊതുവായ അവസ്ഥകൾക്കുവേണ്ടിയും ദുആ ചെയ്യുക.**

**ഈ എല്ലാ ക്രൂരതകൾക്കുമെതിരെ കഴിവിന്റെ പരാമവധി ശബ്ദമുയർത്തേണ്ടത് ഇന്ന് അഹ്മദികളായ നമ്മുടെ കടമയാണ്. ഇതിനു പ്രത്യേകമായി ദുആ ചെയ്യുക. ഹൃദയവേദനയോടെ ദുആ ചെയ്യുക. അല്ലാഹു ഇതിനുള്ള കഴിവ് നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.**

**ഖുത്വ്ബ ജുമുഅ 2025 ആഗസ്റ്റ് 29, 1404 ള്വുഹൂർ 29, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹുനയ്ൻ യുദ്ധത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ ഞാനിന്ന് വിശദീകരിക്കുന്നതാണ്. നബിﷺ തിരുമേനി മക്കയിൽനിന്ന് പുറപ്പെടുമ്പോൾ അത്താബ് ബിൻ അസീദിനെ മക്കയുടെ അമീറായി നിയമിച്ചു. മക്കയുടെ ആദ്യത്തെ അമീറായിരുന്നു അദ്ദേഹം. അന്ന് അത്താബിന് ഏകദേശം ഇരുപത് വയസ്സായിരുന്നു. മക്കയിലെ ജനങ്ങളെ മതം പഠിപ്പിക്കാനുള്ള ചുമതല ഹദ്റത്ത് മുആദ് ബിൻ ജബലിനും നൽകി.

ഹദ്റത്ത് അത്താബിന്റെ പിതാവിന്റെ പേര് അസീദ് ബിൻ അബുൽഈസ് ബിൻ ഉമയ്യ എന്നായിരുന്നു. ഈ പിതാവും മകനും ഖുറയ്ശി ഗോത്രത്തിലെ പ്രമുഖരും ഇസ്‌ലാമിന്റെ കഠിന ശത്രുക്കളുമായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സയ്നബ് എന്നായിരുന്നു. മക്ക വിജയത്തിനു മുമ്പേതന്നെ അത്താബിന്റെ പിതാവ് മരണപ്പെട്ടിരുന്നു. ഇസ്‌ലാമിനോടുള്ള അത്താബിന്റെ വെറുപ്പുകാരണം, മക്ക വിജയ ദിനത്തിൽ ഹദ്റത്ത് ബിലാൽ കഅ്ബയിൽ ബാങ്ക് വിളിച്ചപ്പോൾ അത്താബ് തന്റെ കൂട്ടുകാരോടു പറഞ്ഞു, 'എന്റെ പിതാവ് ഈ ബാങ്ക് കേൾക്കുന്നതിനു മുമ്പേതന്നെ മരിച്ചുപോയതിൽ അല്ലാഹുവിനോടു നന്ദിയുണ്ട്.' ഏതായാലും, അത്താബ് പിന്നീട് മക്ക വിജയദിനത്തിൽ ഇസ്‌ലാം സ്വീകരിച്ചു. നബിﷺ തിരുമേനി ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് അസീദ് ബിൻ അബുൽഈസിനെ മുസ്‌ലിമായ നിലയിൽ മക്കയുടെ അമീറായി സ്വപ്നത്തിൽ കണ്ടിരുന്നു. അദ്ദേഹം സത്യനിഷേധിയായാണ് മരിച്ചത്. എന്നാൽ, നബിﷺതിരുമേനിയുടെ സ്വപ്നത്തിന്റെ വ്യാഖ്യാനം അദ്ദേഹത്തിന്റെ മകൻ അത്താബിന്റെ രൂപത്തിൽ യാഥാർഥമായി പുലർന്നു.

ഒരു നിവേദനമനുസരിച്ച്, നബിﷺതിരുമേനി അത്താബിനെ സ്വർഗ്ഗത്തിന്റെ വാതിൽക്കൽ വലിയ ശബ്ദത്തിൽ മുട്ടുന്നതു കണ്ടു. ഒടുവിൽ വാതിൽ തുറക്കപ്പെടുകയും അദ്ദേഹം അതിൽ പ്രവേശിക്കുകയും ചെയ്തു. മറ്റൊരു റിപ്പോർട്ടനുസരിച്ച്, നബിﷺതിരുമേനി പറഞ്ഞു: സത്യനിഷേധിയായി മരിച്ച അത്താബിന്റെ പിതാവ് അസീദിനെ ഞാൻ സ്വർഗ്ഗത്തിൽ കണ്ടു. എങ്ങനെയാണ് അസീദ് സ്വർഗ്ഗത്തിൽ പ്രവേശിച്ചതെന്ന് ഞാൻ ചിന്തിച്ചു. മക്ക വിജയദിനത്തിൽ അത്താബ് ബിൻ അസീദ് മുന്നോട്ടു വന്നപ്പോൾ, നബിﷺ തിരുമേനി പറഞ്ഞു: 'ഞാൻ ഇയാളെയാണ് സ്വർഗ്ഗത്തിൽ കണ്ടത്. ഇയാളെ എന്റെ അടുത്ത് കൊണ്ടുവരൂ. അദ്ദേഹത്തെ നബിﷺതിരുമേനിക്കു മുമ്പിൽ കൊണ്ടുവന്നു. നബിﷺതിരുമേനി അദ്ദേഹത്തെ മക്കയുടെ അമീറായി നിയമിച്ചു.എന്നിട്ട് പറഞ്ഞു, "അത്താബേ! ഞാൻ നിന്നെ ആരുടെ മേലാണ് അമീറാക്കിയതെന്ന് നിനക്കറിയാമോ? ഞാൻ

നിന്നെ അല്ലാഹുവിന്റെ ആളുകളുടെ മേലാണ് അമീറാക്കിയത്. അതുകൊണ്ട് അവരോടു നല്ലരീതിയിൽ പെരുമാറുക." നബിﷺതിരുമേനി മൂന്നു തവണ ഇത് ആവർത്തിച്ചു പറഞ്ഞു.

നബിﷺതിരുമേനിയുടെ വഫാത്തുവരെ അദ്ദേഹം മക്കയുടെ അമീറായിരുന്നു. ഒരു റിപ്പോർട്ടനുസരിച്ച്, അദ്ദേഹം ഹദ്റത്ത് അബൂബക്ർؓന്റെ ഭരണകാലത്തും മക്കയുടെ അമീറായിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂബക്ർؓവഫാത്തായ അതേ ദിവസം തന്നെയാണ് മരിച്ചത്. മറ്റൊരു റിപ്പോർട്ടനുസരിച്ച്, അദ്ദേഹം ഹദ്റത്ത് ഉമർؓന്റെ ഭരണകാലംവരെ ജീവിച്ചിരുന്നു.

മക്കയിൽനിന്ന് ഹുനയ്നിലേക്ക് യാത്ര പുറപ്പെട്ടതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു:"ഹുനയ്ൻ യുദ്ധത്തിന് നബിﷺതിരുമേനി ശവ്വാൽ ആറിന് ശനിയാഴ്ച പുറപ്പെടുകയും ശവ്വാൽ പത്തിന് ഹുനയ്ൻ എന്ന സ്ഥലത്തെത്തുകയും ചെയ്തു. ഇബ്നു കഥീറിന്റെ അഭിപ്രായത്തിൽ, ശവ്വാൽ അഞ്ചിനാണ് യാത്ര ആരംഭിച്ചത്. നബിﷺതിരുമേനി ഹുനയ്നിലേക്ക് പുറപ്പെട്ടപ്പോൾ, അദ്ദേഹത്തിന്റെ രണ്ടു ഭാര്യമാരായ ഹദ്റത്ത് ഉമ്മുസലമയും ഹദ്റത്ത് സയ്നബും നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ചില റിപ്പോർട്ടുകൾ പ്രകാരം, ഹദ്റത്ത് ഉമ്മുസലമയും മയ്മൂനയുമാണ് കൂടെ ഉണ്ടായിരുന്നത്. എന്നാൽ, വിശ്വസനീയമായ റിപ്പോർട്ടുകൾ പ്രകാരം ഹദ്റത്ത് ഉമ്മുസലമയും ഹദ്റത്ത് സയ്നബുമായിരുന്നു കൂടെ ഉണ്ടായിരുന്നത്.*(ശറഹ് സർഖാനീ വാല്യം 3, പേജ് 498–499, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അസ്സീറത്തുൽ ഹൽബിയ്യ. വാല്യം 3, പേജ് 139, 149, 165, 150, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്). (സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം പേജ് 745. ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അല്ലൂഅ് ലുഉൽമക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാല്യം 9, പേജ് 251, ദാറുസ്സലാം)(ഉസുദുൽഗാബ വാല്യം 3, പേജ് 549. ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ് ഭാഗം 6, പേജ് 5, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അൽബദായാ വന്നിഹായാ, വാല്യം 7, പേജ് 5, ദാർഹിജ്ർ)(താരീഖുൽഖുമയ്സ് ഭാഗം 2, പേജ് 528,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

മുസ്‌ലിമീങ്ങളുടെ എണ്ണത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്. ഹുനയ്ൻ യുദ്ധത്തിൽ മുസ്‌ലിം സൈന്യത്തിന്റെ എണ്ണം എതിരാളികളെക്കാൾ കുറവായിരുന്നെങ്കിലും, അതുവരെയുള്ള എല്ലാ യുദ്ധങ്ങളെക്കാളും കൂടുതലായിരുന്നു. എണ്ണത്തിൽ മാത്രമല്ല, ആയുധങ്ങളുടെ കാര്യത്തിലും.

അയിമ്മയെ മഗാസി എഴുതിയിരിക്കുന്നു: 'നബിﷺതിരുമേനി പന്ത്രണ്ടായിരം മുസ്‌ലിമീങ്ങളോടൊപ്പം യാത്ര പുറപ്പെട്ടു. മക്ക കീഴടക്കാനായി മദീനയിൽനിന്ന് വന്ന പതിനായിരം സ്വഹാബാക്കൾ നബിﷺതിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. മക്കയിലെ രണ്ടായിരംപേർ നബിﷺതിരുമേനിയോടൊപ്പം പുറപ്പെട്ടു. ചിലർ പതിനാലായിരം എന്നും പറഞ്ഞിട്ടുണ്ട്. പക്ഷേ പന്ത്രണ്ടായിരം പേർ എന്ന റിപ്പോർട്ടാണ് കൂടുതലും ലഭിക്കുന്നത്. മക്കയിൽനിന്നുള്ള രണ്ടായിരം നവമുസ്‌ലിമീങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു. പതിനാലായിരം എന്ന് പറയുന്നവർ മദീനയിൽനിന്ന് വന്നവരുടെ എണ്ണം പത്തായിരത്തിന് പകരം പന്ത്രണ്ടായിരം എന്ന് പറയുന്നു. എന്നാൽ, മക്കയിൽനിന്ന് ചേർന്നവർ രണ്ടായിരം പേരാണെന്ന് തന്നെയാണ് പറഞ്ഞിരിക്കുന്നത്.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 233-235, ബസം ഇഖ്ബാൽ ലാഹോർ)(അൽബദായ വന്നഹായാ വാല്യം 7, പേജ് 11, ദാർഹിജ്ർ)(സീറത്ത് ഇബ്നു ഹിശാം പേജ് 763, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ശറഹ് സർഖാനീ വാല്യം 3 പേജ് 498, ദാറുൽകുതുബുൽഇൽമിയ്യ)*

ഹുനയ്നിലേക്കുള്ള യാത്രാമധ്യേ ദാത്അൻവാത് എന്നറിയപ്പെടുന്ന ഒരു വലിയ ഇലന്തമരം ഉണ്ടായിരുന്നു, അതിനെ സത്യനിഷേധികൾ വളരെയധികം ബഹുമാനിച്ചിരുന്നു. അവർ വിജയത്തിനുള്ള ശകുനമായി അവരുടെ ആയുധങ്ങൾ അതിൽ തൂക്കിയിടുകയും അവിടെ ധ്യാനം അനുഷ്ഠിക്കുകയും ചെയ്തിരുന്നു, കൂടാതെ അതിനോടു വലിയ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. മുസ്‌ലിം സൈന്യം ആ മരത്തിനടുത്തൂടെ പോകുമ്പോൾ, മക്കയിൽ നിന്നുള്ള ചില നവമുസ്‌ലിമീങ്ങൾ നബിﷺതിരുമേനിയോട്, 'നബിയേ ഞങ്ങൾക്കുവേണ്ടി ഇങ്ങനെയൊരു മരം നിശ്ചയിച്ചുതരണമോ?' എന്ന് ചോദിച്ചു.അപ്പോൾ നബിﷺതിരുമേനി പറഞ്ഞു:"അല്ലാഹു അക്ബർ! നിങ്ങൾ മൂസായുടെ ജനത അദ്ദേഹത്തോട് ചോദിച്ച അതേ കാര്യമാണ് ചോദിച്ചത്."

**യാ മൂസജ്അല്ലനാ ഇലാഹൻ കമാലഹും ആലിഹത്തുൻ ഖാല ഇന്നക്കും ഖൗമുൻ തജ്ഹലൂൻ**(7:139)

ഓ മൂസാ, അവർക്കുള്ളതുപോലെയുള്ള ഒരു ആരാധ്യൻ ഞങ്ങൾക്കും ഉണ്ടാക്കിത്തരുക.' അദ്ദേഹം മറുപടി പറഞ്ഞു: 'തീർച്ചയായും നിങ്ങൾ വിവരക്കേട് പ്രവർത്തിക്കുന്ന ഒരു ജനതയാണ്.' നബി ﷺതിരുമേനി പറഞ്ഞു: 'നിങ്ങളും തീർച്ചയായും മുൻഗാമികളുടെ വഴിയെതന്നെ നടക്കും, നിങ്ങൾ ചെയ്യുന്നത് അതേ കാര്യങ്ങളാണ്.'*(സുനൻ അത്തുർമുദി, കിതാബുൽ ഫിതൻ, ഹദീഥ് 2180)(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 153, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 241, ബസം ഇഖ്ബാൽ ലാഹോർ)*

മുമ്പേ വിവരിച്ചതുപോലെ, ഹുനയ്ൻ യുദ്ധത്തിൽ ഇസ്‌ലാമിലും വിശ്വാസത്തിലും ഉറച്ചുനിൽക്കാത്ത രണ്ടായിരം നവമുസ്‌ലിം യുവാക്കളും ചേർന്നിരുന്നു. അവർക്ക് കാര്യമായ യുദ്ധപരിചയമോ ആയുധങ്ങളോ ഉണ്ടായിരുന്നില്ല. ഈയാളുകൾ കാരണമാണ് ഹുനയ്നിൽ ഒരു പരിഭ്രാന്തിയും താൽക്കാലികമായ പിന്തിരിയലുമുണ്ടായത്. അതുപോലെ, നബിﷺതിരുമേനിയോടൊപ്പം മുസ്‌ലിമീങ്ങളല്ലാത്ത ചിലരും മക്കയിൽനിന്ന് പുറപ്പെട്ടു. ചിലർ കുതിരപ്പുറത്തും ചിലർ കാൽനടയായുമായിരുന്നു. സ്ത്രീകളും കൂടെ പോയിരുന്നു, അവർ യുദ്ധത്തിന്റെ ഫലം കാണാനും, മുസ്‌ലിമീങ്ങൾ വിജയിക്കുകയാണെങ്കിൽ യുദ്ധമുതൽ ലഭിക്കുമല്ലോ എന്ന പ്രതീക്ഷയിലുമാണ് കൂടെ കൂടിയത്. നബിﷺതിരുമേനിയേയും സ്വഹാബാക്കളേയും എന്തെങ്കിലും ബുദ്ധിമുട്ട് ബാധിക്കുമോ എന്നതിൽ അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. അവരിലൊരു വിഭാഗം വെറും കാഴ്ചക്കാരായിട്ടാണ് പോയത്. കൂടാതെ മുശ്‌രിക്കുകളായിരുന്ന ചിലരുമുണ്ടായിരുന്നു. ഈ മുശ്‌രിക്കുകളുടെ എണ്ണം എൺപതോളം വരുമെന്ന് പറയുന്നു. ഇതിനെ അടിസ്ഥാനമാക്കി ചില ചരിത്രകാരന്മാർ പറയുന്നത്, നബിﷺതിരുമേനി മുശ്‌രിക്കുകളിൽനിന്ന് സഹായം സ്വീകരിച്ച ആദ്യത്തെ യുദ്ധമാണിതിന്നാണ്. കാരണം ഇതിനുമുമ്പേ നബിﷺതിരുമേനി ഇന്നാ ലാ നസ്തയീനു ബി മുശ്‌രിക്കിൻ (നാം മുശ്‌രിക്കുകളിൽനിന്ന് സഹായം തേടുന്നില്ല)എന്ന് പറയാറുണ്ടായിരുന്നു. അവരുടെ അഭിപ്രായത്തിൽ ഹുനയ്ൻ യുദ്ധത്തിലാണ് നബിﷺതിരുമേനി മുശ്‌രിക്കുകളെ അഥവാ അന്യാരാധകരെ ആദ്യമായി ഉൾപ്പെടുത്തിയതെന്നാണ്. എന്നാൽ, നബിﷺതിരുമേനി അവരിൽനിന്ന് സഹായം സ്വീകരിച്ചില്ല എന്നതാണ് ശരിയായ വസ്തുത.

ബദ്ർ യുദ്ധത്തിൽ ഓരോ വ്യക്തിയുടെയും സഹായം ആവശ്യമുണ്ടായിരുന്നപ്പോഴും നബിﷺതിരുമേനി അന്യാരാധകന്റെ സഹായം സ്വീകരിക്കാൻ വിസമ്മതിക്കുകയാണുണ്ടായത്. എന്നാൽ, ഈ യുദ്ധത്തിൽ, ഖുർആൻ പറയുന്നതുപോലെ മുസ്‌ലിമീങ്ങളുടെ എണ്ണം കാരണം അവർ അഹങ്കാരികളായി മാറിയിരുന്നു. അപ്പോൾപ്പിന്നെ ഏതാനും അന്യാരാധകരുടെ സഹായം എന്തിനാണ്? അതുകൊണ്ട് നബിﷺതിരുമേനി ഒരു അന്യാരാധകനേയും യുദ്ധത്തിൽ പങ്കെടുപ്പിച്ചില്ല. ആരോടും യുദ്ധത്തിൽച്ചേരാൻ ആവശ്യപ്പെട്ടിട്ടുമില്ല. ചരിത്രഗ്രന്ഥങ്ങളിലെ വിശദീകരണങ്ങളിൽനിന്ന് വ്യക്തമാകുന്നത്, മക്കയിൽനിന്നുള്ള പലരും യുദ്ധം കാണാൻ വേണ്ടിമാത്രമായും യുദ്ധമുതൽ മോഹിച്ചും സ്വയം സൈന്യത്തിൽ ചേർന്നുവെന്നാണ്. മുസ്‌ലിമീങ്ങൾ വിജയിക്കുമെന്നും, കാഴ്ച കണ്ട് യുദ്ധമുതൽ കൊള്ളയടിക്കാമെന്നും അവർ കരുതി. കൂടാതെ, മക്കയിലെ പരാജയം മറക്കാൻ കഴിയാത്ത ചില ദുരുദ്ദേശ്യക്കാരായ അന്യാരാധകരുമുണ്ടായിരുന്നു. നബിﷺതിരുമേനിയെ വധിക്കാൻ മക്കയിൽ അവർ പരാജയപ്പെട്ടതുപോലെ, ഇവിടെ ശത്രുക്കൾക്ക് കഴിഞ്ഞില്ലെങ്കിൽ അവർക്ക് (നഊദു ബില്ലാഹ്)നബിﷺതിരുമേനിയെ വധിക്കാനുള്ള അവസരം ലഭിക്കുമെന്നും അങ്ങനെ പകരം വീട്ടി ആശ്വാസം കൊള്ളാമെന്നും അവർ കരുതി. ഏതായാലും, പന്ത്രണ്ടായിരം പേരടങ്ങുന്ന സൈന്യം മക്കയിൽനിന്ന് പുറപ്പെട്ട് മൂന്നുദിവസത്തെ യാത്രയ്ക്കുശേഷം(ചിലരുടെ അഭിപ്രാ

യത്തിൽ അഞ്ചുദിവസത്തെ യാത്രയ്ക്കുശേഷം) ഹുനയ്ൻ താഴ്‌വരയിലെത്തി. വഴിയിൽ ഒരു പരിചയോ വാളോ സ്വഹാബാക്കളുടെ ഏതെങ്കിലും വസ്തുക്കളോ താഴെ വീണാൽ, അബൂസുഫിയാൻ ബിൻ ഹർബ് നബിﷺ തിരുമേനിയെ വിളിച്ച് 'ഈ സാധനങ്ങൾ എനിക്ക് തരു, ഞാൻ അതെടുക്കാം' എന്ന് പറയുമായിരുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ഒട്ടകം സാധനങ്ങളാൽ നിറഞ്ഞു.

ഹദ്‌റത്ത് സഹ്‌ൽ ബിൻ ഹൻളലിയ്യഃ വിവരിക്കുന്നു: ഹുനയ്ൻ ദിവസം അവർ നബിﷺതിരുമേനിയോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. അവർ വളരെ ദൂരം സഞ്ചരിച്ച് വൈകുന്നേരമായി. ഞാൻ നബിﷺതിരുമേനിയോടൊപ്പം നമസ്കരത്തിൽ പങ്കെടുത്തു. അപ്പോൾ ഒരാൾ കുതിരപ്പുറത്തു വന്ന് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ അങ്ങയുടെ മുമ്പേ പോയിരുന്നു. അങ്ങനെ ഞാൻ ഇന്നയിന്ന മലകളിൽക്കയറി. അവിടെ ഞാൻ ഹവാസിൻ ഗോത്രക്കാർ അവരുടെ സ്ത്രീകളും, ഒട്ടകങ്ങളും, ആടുകളും, മറ്റു മൃഗങ്ങളുമായി സംഘടിച്ചിരിക്കുന്നതു കണ്ടു. അവിടന്ന് പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു: 'നാളെ ഇൻശാ അല്ലാഹ്, ഇത് മുസ്‌ലിമീങ്ങളുടെ യുദ്ധമുതലായിരിക്കും.' പിന്നീട് അവിടന്ന് ചോദിച്ചു: 'ഇന്ന് രാത്രി ആരാണ് നമുക്ക് കാവൽ നിൽക്കുക?' അനസ് ബിൻ അബീ മർസദ്ؓ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ കാവൽ നിൽക്കാം.' അവിടന്ന് പറഞ്ഞു: 'എന്നാൽ, കുതിരപ്പുറത്ത് കയറിക്കോളൂ.' അദ്ദേഹം തന്റെ കുതിരപ്പുറത്തു കയറി നബിﷺതിരുമേനിയുടെ അടുത്തുവന്നു. നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'ആ താഴ്‌വരയിൽ പോവുക.' ഇതു നബിﷺതിരുമേനിയ്ക്ക് മാത്രമായ കാവലായിരുന്നില്ല, മറിച്ച് ചുറ്റുമുള്ള പ്രദേശങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനാണ് ആവശ്യപ്പെട്ടത്. 'ആ താഴ്‌വരയുടെ ഉയർന്ന ഭാഗത്ത് പോവുക, നിങ്ങൾ കാരണം ഞങ്ങൾ വഞ്ചിക്കപ്പെടരുത്.' അതായത്, നിങ്ങൾ അശ്രദ്ധരാകരുത്, ശത്രുക്കൾ നമ്മളെ വഞ്ചിക്കാനിടയാകുകയുമരുത്.

പ്രഭാതമായപ്പോൾ നബിﷺതിരുമേനി തന്റെ നമസ്കാര സ്ഥലത്തേക്ക് പുറപ്പെട്ടു. അവിടന്ന് രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിച്ചു, അതിനുശേഷം തക്ബീർ ചൊല്ലി. നബിﷺതിരുമേനി നമസ്കരിപ്പിക്കാൻ തുടങ്ങി. അവിടത്തെ മുഖം താഴ്‌വരയുടെ നേരെയായിരുന്നു. നമസ്കാരം പൂർത്തിയാക്കി സലാം വീട്ടിയപ്പോൾ അവിടന്ന് പറഞ്ഞു: 'നിങ്ങൾക്ക് സന്തോഷവാർത്ത, നിങ്ങളുടെ കുതിരക്കാരൻ (ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടയാൾ)എത്തിയിരിക്കുന്നു.' സ്വഹാബാക്കൾ പറയുന്നു, 'ഞങ്ങൾ താഴ്‌വരയിലും മരങ്ങൾക്കിടയിലും നോക്കി, അദ്ദേഹം വന്ന് നബിﷺതിരുമേനിയുടെ അടുത്തു വന്ന് നിന്നു. അദ്ദേഹം സലാം പറഞ്ഞിട്ട് പറഞ്ഞു: 'അങ്ങ് എന്നെ പോകാൻ കൽപ്പിച്ച ആ താഴ്‌വരയുടെ മുകൾഭാഗംവരെ ഞാൻ നടന്നു. പ്രഭാതമായപ്പോൾ ഞാൻ രണ്ടു താഴ്‌വരകളിലും കയറി നോക്കി. പക്ഷേ, എനിക്ക് ആരെയും കാണാൻ കഴിഞ്ഞില്ല.' നബിﷺതിരുമേനി ചോദിച്ചു: 'രാത്രിയിൽ താങ്കൾ താഴെയിറങ്ങിയോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല, നമസ്കരിക്കാനും പ്രാഥമിക ആവശ്യങ്ങൾക്കും വേണ്ടിയല്ലാതെ.' അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: 'നിനക്ക് സ്വർഗം നിർബന്ധമായിരിക്കുന്നു.' താങ്കൾ നല്ലൊരു ഡ്യൂട്ടിയാണ് നിർവഹിച്ചത്.' ശത്രുക്കളുടെ ചാരന്മാരെക്കുറിച്ചും പരാമർശമുണ്ട്.

നബിﷺതിരുമേനി ശവ്വാൽമാസം പത്തിന് ചൊവ്വാഴ്ച വൈകുന്നേരത്തോടെ ഹുനയ്നിലെത്തിയിരുന്നു. മാലിക് ബിൻ ഔഫ് ഹവാസിൻ ഗോത്രത്തിലെ മൂന്നാളുകളെ ചാരന്മാരായി അയച്ചു, അവർ മുസ്‌ലിം സൈന്യത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യണം. എന്നാൽ, ഈ മൂന്നു പേരും ഭയന്നു വിറച്ചാണ് തിരിച്ചെത്തിയത്. മാലിക് ചോദിച്ചു: 'നിങ്ങൾക്കെന്താണ് പറ്റിയത്?' അവർ പറഞ്ഞു: 'ഞങ്ങൾ കുതിരപ്പുറത്ത് വെളുത്ത ആളുകളെ കണ്ടു. അല്ലാഹുവാണെ സത്യം! യുദ്ധമുണ്ടായാൽ ഈ അവസ്ഥയെ നമുക്കു നേരിടാൻ കഴിയില്ല. അല്ലാഹുവാണെ സത്യം!നമുക്ക് ഭൂമിയിലുള്ളവരുമായിപോലും യുദ്ധം ചെയ്യാൻ കഴിയില്ല, അപ്പോൾപ്പിന്നെ ആകാശത്തുള്ളവരുമായി എങ്ങനെ യുദ്ധം ചെയ്യും? ഞങ്ങളുടെ വാക്ക് കേൾക്കുകയാണെങ്കിൽ, നിങ്ങളുടെ ഗോത്രത്തോടൊപ്പം നിങ്ങൾ തിരിച്ചു പോവുക. ആളുകൾ ഞങ്ങൾ കണ്ടത് കണ്ടാൽ, അവർക്കും ഞങ്ങൾക്കുണ്ടായ അതേ ദുരിതമായിരിക്കുമുണ്ടാകുക. മാലിക് പറഞ്ഞു: 'നിങ്ങൾക്കു നാശം! നിങ്ങൾ സൈന്യത്തിലെ ഏറ്റവും ഭീരുക്കളാണ്.' അയാൾ വാർത്ത സൈന്യത്തിൽ പരക്കുമെന്ന് ഭയന്ന് അവരെ ഒളിപ്പിച്ചു. പിന്നീടെപ്പൊഴോ ആണ് പറഞ്ഞുവിട്ടത്.

അയാൾ പറഞ്ഞു. "എനിക്ക് ഒരു ധീരനായ ഒരാളെ കുറിച്ച് പറഞ്ഞു തരിക. അവിടെയുണ്ടായിരുന്നവർ ഒരു ധീരനായ ആളെ തിരഞ്ഞെടുത്ത് അയച്ചു. അയാൾ പെട്ടെന്നുതന്നെ തിരിച്ചു വന്നു. അദ്ദേഹവും ആദ്യത്തെ മൂന്നുപേരെപ്പോലെ ഭയന്നിരുന്നു. മാലിക് ചോദിച്ചു: "നീ എന്താണ് കണ്ടത്?' ആ ധീരൻ മറുപടി പറഞ്ഞു: 'ചെമപ്പ് കലർന്ന വെള്ള നിറമുള്ള കുതിരപ്പുറത്ത് വെളുത്ത ആളുകളെയാണ് ഞാൻ കണ്ടത്, അവരെ നോക്കാൻ പോലും എനിക്ക് ശക്തിയുണ്ടായില്ല. അല്ലാഹുവാണെ സത്യം, എന്നെ ബാധിച്ച ഭയം നീ കാണുന്നുവല്ലോ. എനിക്ക് ഇതു നേരിടാൻ കഴിയില്ല. നമ്മൾ ഇവിടെനിന്ന് തിരിച്ചുപോകുന്നതാണ് നല്ലത്. എന്നിട്ടും മാലിക് ബിൻ ഔഫ് തന്റെ തീരുമാനത്തിൽനിന്ന് പിന്തിരിഞ്ഞില്ല. ചരിത്രകാരന്മാരുടെ അഭിപ്രായമനുസരിച്ച്, ശത്രുക്കളുടെ ചാരന്മാർ കണ്ട കാര്യങ്ങൾക്ക് രണ്ടു വ്യാഖ്യാനങ്ങളുണ്ട്. ഒരു വിഭാഗം പറയുന്നത്, ഈ ചാരന്മാർ മാലാഖമാരെ കണ്ടു, അതുകൊണ്ടാണ് അവർ ഭയപ്പെട്ടതെന്നാണ്. മറ്റൊരു അഭിപ്രായത്തിൽ, അവർ മുസ്‌ലിം സൈന്യത്തെ കണ്ടപ്പോൾ ഒരു ദൈവഭയം അവരിലുണ്ടായതുകൊണ്ടാണ് അവർ ഭയപ്പെട്ടതെന്നാണ്.*(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 153, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഗസ്‌വത്തു ഹുനയ്ൻ, മുഹമ്മദ് അഹ്‌മദ് ബാ ശമീൽ, പേജ് 123-125, 111, നഫീസ് അക്കാഡമി)(ദലാഇലുന്നുബുവ്വ വാള്യം 5, പേജ് 130, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(സുനൻ അബൂദാവൂദ്, കിതാബുൽ ജിഹാദ്, ഹദീഥ് 2501, ബാബു ഫിൽമുശ്‌രിക്കി 2732)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 235, 240, ബസം ഇഖ്ബാൽ ലാഹോർ)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 316 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 9, പേജ് 245-246, 252 ദാറുസ്സലാം)*

ഹദ്‌റത്ത് സൽമാ ബിൻ അക്‌വഅ്ؓവിവരിക്കുന്നു: 'ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ഹവാസിൻ ഗോത്രത്തെ ആക്രമിക്കാൻ പോയി. ഉച്ച കഴിഞ്ഞപ്പോൾ ഒരാൾ ഒട്ടകപ്പുറത്ത് വന്നു. അപ്പോൾ ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ഭക്ഷണം കഴിക്കുകയായിരുന്നു. അയാൾ തന്റെ ഒട്ടകത്തെ ഇരുത്തി കയറുകൊണ്ട് കെട്ടിയിട്ട് മുന്നോട്ടു വന്ന് സ്വഹാബാക്കളോടൊപ്പം ഭക്ഷണം കഴിക്കാൻ തുടങ്ങി. ഒരു റിപ്പോർട്ടനുസരിച്ച്, അയാൾ ആളുകളോടു സംസാരിക്കാനും തുടങ്ങി. ഞങ്ങൾ വളരെ ക്ഷീണിതരായിരുന്നു, വാഹനങ്ങളും കുറവായിരുന്നു. സംസാരിച്ചതിനുശേഷം ആ വ്യക്തി വേഗത്തിൽ തന്റെ ഒട്ടകത്തിന്റെ അടുത്തുപോയി, കയർ വേഗത്തിൽ അഴിച്ച് അതിൽക്കയറി ഓടിച്ചുപോകാൻ തുടങ്ങി. നബിﷺതിരുമേനി ഇതു കണ്ടപ്പോൾ പറഞ്ഞു: 'ഇതൊരു ചാരനാണ്, ഇവനെ പിടിച്ച് വധിക്കുക.' ബനൂ അസ്‌ലം ഗോത്രത്തിലെ ഒരാൾ തന്റെ ഒട്ടകപ്പുറത്തു കയറി അയാളെ പിന്തുടർന്നു. ഹദ്‌റത്ത് സൽമാ പറയുന്നു: 'ഞാനെന്റെ ഒട്ടകപ്പുറത്ത് അയാളുടെ പിന്നാലെ ഓടി. ഞാൻ അയാളുടെ അടുത്തെത്തി ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചു. ഞാൻ അയാളുടെ ഒട്ടകത്തെ താഴെ ഇരുത്തി. അയാൾ മുട്ട് നിലത്ത് വെച്ചപ്പോൾ ഞാൻ വാളെടുത്ത് അയാളുടെ കഴുത്തിൽ വെട്ടി. അയാൾ നിലത്തുവീണു. ഞാൻ അയാളുടെ ഒട്ടകവും ആയുധങ്ങളും എല്ലാ സാധനങ്ങളുമെടുത്ത് നബിﷺ തിരുമേനിയുടെ സന്നിധിയിൽ വന്നു. നബിﷺതിരുമേനി ആളുകളോടു ചോദിച്ചു: 'ഇവനെ ആരാണ് കൊന്നത്?' സ്വഹാബാക്കൾ പറഞ്ഞു: 'ഇബ്നു അക്‌വഅ്.' അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഈ സാധനങ്ങളെല്ലാം അദ്ദേഹത്തിനുള്ളതാണ്.'*(ബുഖാരി കിതാബുൽജിഹാദ്, ഹദീഥ് 3051)(മുസ്‌ലിം കിതാബുൽജിഹാദ് വസ്സയ്ർ ഹദീഥ് 1754)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 336-337, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 250-251, ബസം ഇഖ്ബാൽ)*

മുസ്‌ലിമീങ്ങളുടെ പന്ത്രണ്ടായിരം പേർക്കെതിരെ ശത്രുക്കളുടെ എണ്ണം മുപ്പതിനായിരമായിരുന്നു. ഹുനയ്ൻ യുദ്ധത്തിൽ ശത്രുക്ക

ളുടെ എണ്ണം ചിലപ്പോൾ മുപ്പതിനായിരമെന്നും ചിലപ്പോൾ ഇരുപതിനായിരം എന്നും ചിലപ്പോൾ നാലായിരമെന്നും പറയുന്നുണ്ട്. ഇതിന്റെ വിശദീകരണം ഇതാണ്: 'യഥാർഥത്തിൽ യുദ്ധം ചെയ്തവർ ഇരുപതിനായിരം പേരായിരുന്നു. അവരുടെ ഭാര്യമാരെയും കുട്ടികളെയുംകൂടി ചേർത്താൽ എണ്ണം മുപ്പതിനായിരമാകും. മാലിക് ബിൻ ഔഫ് തന്റെ സൈന്യത്തിലെ മികച്ച അമ്പെയ്ത്ത് വിദഗ്ധരെ തിരഞ്ഞെടുത്ത് മലകളിൽ ഒളിപ്പിച്ചു. അവർ പതിയിരുന്ന് മുസ്‌ലിം സൈന്യത്തെ ഒരേസമയം ആക്രമിച്ചു. ഇത് മുസ്‌ലിം സൈന്യത്തിൽ പരിഭ്രാന്തിയുണ്ടാക്കി. ഇവരുടെ എണ്ണം നാലായിരമായിരുന്നു.

ബനൂഹവാസിന്റെ സേനാപതി മാലിക് ബിൻ ഔഫ് തന്റെ സൈന്യത്തെ ക്രമീകരിച്ചതിങ്ങനെയാണ്: 'രാത്രിയുടെ അന്ത്യയാമത്തിൽ മാലിക് ബിൻ ഔഫ് തന്റെ സൈന്യത്തിന്റെ അടുത്തു പോയി. ഹുനയ്ൻ താഴ്‌വരയിലെ നിശ്ചിത സ്ഥലങ്ങളിൽ അവരെ ഒളിപ്പിച്ചു. ഈ താഴ്‌വരയിൽ ധാരാളം മലയിടുക്കുകളും പാതകളുമുണ്ട്. ആളുകളെ അവിടെ ക്രമീകരിച്ചു നിറുത്തി. നബിﷺ തിരുമേനിയേയും അവിടത്തെ സ്വഹാബാക്കളെയും പെട്ടെന്ന് ആക്രമിക്കാൻ അവർ പതിയിരുന്നു. ശത്രുക്കളുടെ സൈനിക നിര ഇങ്ങനെയായിരുന്നു: ഏറ്റവും മുന്നിൽ കുതിരപ്പട, പിന്നിൽ കാലാൽപ്പട, അതിനുപിന്നിൽ ഒട്ടകപ്പുറത്ത് സ്ത്രീകളും കുട്ടികളും, അതിനുപിന്നിൽ മറ്റു സാധനങ്ങൾ, ഒട്ടകങ്ങൾ, ആടുകൾ, മറ്റുകന്നുകാലികൾ എന്നിവയും.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 229,246, ബസം ഇഖ്ബാൽ)(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 312, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(ഹുനയ്ൻ യുദ്ധം, ബാശമീൽപേജ് 135, 140, നഫീസ് അക്കാഡമി)(അല്ലൂഅ്‌ലുഉൽ മക്നൂൻ, സീറത്ത് എൻസൈക്ലോപീഡിയ, വാല്യം 9, പേജ് 261-262, ദാറുസ്സലാം)(താരീഖുൽഖുമയ്സ് വാല്യം 2, പേജ് 508, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഗസ്‌വാത്തുന്നബിﷺ, മുഹമ്മദു അബ്ദുൽ അഹദ് പേജ് 490-491, സാവിയ പബ്ലിഷേഴ്സ്)*

മക്കയിൽ നിന്ന് ഹുനയ്നിലേക്ക് പുറപ്പെട്ട നേരത്ത് നബിﷺ തിരുമേനി ബനൂസുലയിം ഗോത്രത്തിൽപ്പെട്ട ആയിരം കുതിരപ്പടയാളികളെ സൈന്യത്തിന്റെ മുൻനിരയിൽ നിറുത്തി. അതിന്റെ നേതൃത്വം ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഏൽപ്പിച്ചു. സൈന്യം ജിഅ്റാന എന്ന സ്ഥലത്തെത്തിയപ്പോൾ, പ്രഭാതത്തിനുമുമ്പേ നബിﷺതിരുമേനി മുഴുവൻ സൈന്യത്തെയും വലതുഭാഗം (മൈമന), ഇടതുഭാഗം (മൈസറ), മധ്യഭാഗം (ഖൽബ്) എന്നിങ്ങനെ മൂന്നായി തിരിച്ചു. നബിﷺതിരുമേനി മധ്യഭാഗത്തായിരുന്നു. അവിടന്ന് മുഹാജിറുകളിലും അൻസ്വാറിലും വലിയ പതാകകൾ വിതരണം ചെയ്തു.

മുഹാജിറുകളിൽനിന്ന് ഒരു പതാക ഹദ്റത്ത് അലിക്ക്رضنൽകി, ഒരു പതാക ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനുംرض ഒരു പതാക ഹദ്റത്ത് ഉമർ ഫാറൂഖിനുംرض നൽകി. അൻസ്വാറിൽ ഖസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിനും നല്കി. ഔസ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്റിനെ ഏൽപ്പിച്ചു. ഇപ്രകാരം ഹദ്റത്ത് അബൂ ബുർദ ബിൻ നിയാർرض, ഹദ്റത്ത് അബൂലുബാബ ബിൻ അബ്ദുൽ മുൻദിറിനും ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാനിനും പതാകകൾ നല്കി. അതിനു പുറമെ ഇരുപതിലധികം ചെറിയ ചെറിയ കൊടികളും വിവിധ സംഘങ്ങളിൽ വിതരണം ചെയ്തു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 245, ബസം ഇഖ്ബാൽ)(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽ, പേജ് 132-136 നഫീസ് അക്കാഡമി)(അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 153, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)*

ഹുനയ്ൻ ദിവസം ഒരാൾ പറഞ്ഞു: "ഇന്ന് നമ്മൾ കുറഞ്ഞപേ ായെന്ന കാരണത്താൽ പരാജയപ്പെടില്ലെന്ന് ഒരാൾ പറഞ്ഞു." അതായത്, ഇന്ന് നമ്മൾ വളരെ കൂടുതലാണ്. എന്നാൽ, നബിﷺതിരുമേനിക്ക് ഈ വാക്ക് തീരെ ഇഷ്ടപ്പെട്ടില്ല. ഖുർആനും ഈ വാക്കിനെ അനിഷ്ടത്തോടെ നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: **ഇദ് അഅ്ജബത്കും കഥ്റത്തുക്കും**(9:25) (നിങ്ങളുടെ ആധിക്യം നിങ്ങളെ അഹംഭാവികളാക്കിത്തീർത്തപ്പോൾ.) ഹുനയ്ൻ യുദ്ധത്തിൽ ആദ്യ വിജയം മുസ്‌ലിമീങ്ങൾക്കാണുണ്ടായത്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്: 'ഹുനയ്ൻ യുദ്ധത്തെക്കുറിച്ച് അവരുടെ മികച്ച അമ്പെയ്ത്ത് വിദഗ്ധർ മലയിടുക്കുകളിൽ ഒളിച്ചിരുന്നു. ഇതറിയാത്ത മുസ്‌ലിമീങ്ങൾ താഴ്‌വരയിൽ പ്രവേശിച്ചപ്പോൾ, ആ അമ്പെയ്ത്ത് വിദഗ്ധർ ഒരുമിച്ച് ആക്രമണം തുടങ്ങി. ഇത് മുസ്‌ലിം സൈന്യത്തിൽ പരിഭ്രാന്തി പരത്തി. അവർ പിന്തിരിഞ്ഞോടാൻ തുടങ്ങി. നബിﷺതിരുമേനിയും ഏതാനും സ്വഹാബാക്കളും മാത്രം അവിടെ അവശേഷിച്ചു. പിന്നീട് നബിﷺതിരുമേനി നിരന്തരം വിളിച്ചപ്പോൾ മുസ്‌ലിം സൈന്യം തിരിച്ചുവരുകയും ശത്രുക്കളുമായി ശക്തമായ യുദ്ധം ചെയ്യുകയും ശത്രുക്കൾ ദയനീയമായി പരാജയപ്പെട്ട് യുദ്ധക്കളം വിട്ടോടുകയും ചെയ്തു.*(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 764 -765, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 317, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(ഗസ്‌വത്തു ഹുനയ്ൻ, ബാശമീൽപേജ് 135-136, നഫീസ് അക്കാഡമി)*

ഇതു ഇബ്നു ഹിശാമിന്റെ ചരിത്രത്തിൽനിന്നെടുത്തതാണ്. എന്നാൽ, സ്വഹീഹ് ബുഖാരിയിൽ ഒരു റിപ്പോർട്ടുണ്ട്. അത് ഹുനയ്ൻ യുദ്ധത്തെ അൽപ്പം വ്യത്യസ്തമായി വിശദീകരിക്കുന്നതാണ്.

ഹുനയ്ൻ യുദ്ധത്തിൽ പങ്കെടുത്ത ഹദ്റത്ത് ബറാഅ് ബിൻ ആസിബ് റിപ്പോർട്ട് ചെയ്ത ഹദീഥുകൾ സ്വഹീഹ് ബുഖാരിയിൽ ധാരാളമായി കാണാം. അദ്ദേഹം പറയുന്നു: "ഞങ്ങൾ ബനൂ ഹവാസിനെ ആക്രമിച്ചപ്പോൾ, അവർ പരാജയപ്പെട്ട് പിന്തിരിഞ്ഞോടി. ഞങ്ങൾ യുദ്ധമുതൽ ശേഖരിക്കാൻ തുടങ്ങിയപ്പോഴേക്കും അവർ ഞങ്ങളുടെമേൽ അമ്പുകളുടെ പെരുമഴ വർഷിച്ചു. ഇതുകാരണം, സംരക്ഷിക്കാൻ ആയുധങ്ങളില്ലാത്ത യുവാക്കൾ പിന്നോട്ട് തിരിഞ്ഞോടി. എന്നാൽ, നബിﷺതിരുമേനി അപ്പോഴും യുദ്ധക്കളത്തിൽ ഉറച്ചുനിന്നു."

നിവേദകൻ ബറാഅ് ബിൻ ആസിബ് പറയുന്നു: "ഞാൻ നബിﷺതിരുമേനിയെ ഒരു വെളുത്ത കോവർക്കഴുതപ്പുറത്ത് കണ്ടു. അബൂസുഫിയാൻ ബിൻ ഹാരിഥായിരുന്നു അതിന്റെ കടിഞ്ഞാൺ പിടിച്ചിരുന്നത്. നബിﷺതിരുമേനി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു:

**അനന്നബിയ്യു ലാ കദിബ്**

**അനബ്നു അബ്ദിൽ മുത്ത്വലിബ്**

(ഞാൻ നബിയാണ്, ഇത് കളവല്ല, ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്.)

ബുഖാരിയുടെ ഈ നിവേദനം ഒഴിച്ചുനിറുത്തി നോക്കുകയാണെങ്കിൽ ഹുനയ്ൻ യുദ്ധത്തിന് രണ്ടു ഘട്ടങ്ങളുണ്ടെന്ന് പൊതുവെ ചരിത്രകാരന്മാർ പറയാറുണ്ട്. ഒന്ന് മുസ്‌ലിമീങ്ങൾ അപ്രതീക്ഷിത ആക്രമണം കാരണം ചിതറിപ്പോകുന്നത്. രണ്ടാമത്തേത് മുസ്‌ലിമീങ്ങൾ വീണ്ടും സംഘടിച്ച് ആക്രമിക്കുകയും ശത്രുക്കളെ പരാജയപ്പെടുത്തുകയും ചെയ്തത്. എന്നാൽ, ബുഖാരിയുടെ ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാൽ, യുദ്ധത്തിന് മൂന്നു ഘട്ടങ്ങളുണ്ടെന്നാണ് മനസ്സിലാകുന്നത്. ആദ്യഘട്ടത്തിൽ,

**• ഹദീഥുന്നബ്‌വിﷺ •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

**• ഹദീഥുന്നബ്‌വിﷺ •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

മുസ്‌ലിം സൈന്യം ഒരുവിധ മടിയുമില്ലാതെ ഹുനയ്ൻ താഴ്‌വരയിൽ പ്രവേശിച്ചു. തങ്ങൾക്കു മുമ്പിലുള്ള ശത്രുസൈന്യം പിന്തിരിഞ്ഞോടുന്നതു കണ്ടപ്പോൾ മുസ്‌ലിമീങ്ങളിൽ ഒരു വിഭാഗം യുദ്ധമുതൽ ശേഖരിക്കാൻ തുടങ്ങി.

രണ്ടാമത്തെ ഘട്ടത്തിൽ, ബനൂ ഹവാസിന്റെ സേനാപതി മാലിക് ബിൻ ഔഫ് തന്റെ നാലായിരം വില്ലാളി വീരന്മാരെ ഒളിപ്പിച്ചു നിറുത്തിയിരുന്നു. മുസ്‌ലിം സൈന്യം താഴ്‌വരയിൽ പ്രവേശിക്കുന്നത് കണ്ടപ്പോൾ അവർ ഒരേസമയം അമ്പുകൾ വർഷിച്ച് ശക്തമായ ആക്രമണം നടത്തി. ബനൂ ഹവാസിൻ അറബികളിലെ മികച്ച വില്ലാളിവീരന്മാരായിരുന്നു. രാവിലെ വെളിച്ചക്കുറവുള്ള സമയത്ത്, മുസ്‌ലിം സൈന്യത്തിലെ ഒരു വിഭാഗം യുദ്ധമുതൽ ശേഖരിക്കുന്നതിൽ ഏർപ്പെട്ടിരുന്നു. അവരിൽ ഇസ്‌ലാമിൽ നന്നായി വേരൂന്നിയിട്ടില്ലാത്ത മക്കയിലെ നവമുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. അമ്പുകളിൽനിന്ന് സ്വയം രക്ഷിക്കാൻ അവർക്ക് വേണ്ടത്ര സംരക്ഷണ കവചങ്ങളോ മറ്റുപകരണങ്ങളോ ഉണ്ടായിരുന്നില്ല. ഈ അപ്രതീക്ഷിത ശരപ്രവാഹത്തിൽനിന്ന് രക്ഷപ്പെടാൻ അവർ ഓടി. അവരുടെ യാത്രാവാഹനങ്ങളും കൂടെയുണ്ടായിരുന്നു. അവർ പെട്ടെന്ന് പിന്നോട്ടോടിയപ്പോൾ മുഴുവൻ സൈന്യത്തിലും പരിഭ്രാന്തി പരന്നു. ഒട്ടകങ്ങളും കുതിരകളും ഓടാൻ തുടങ്ങി. മൃഗങ്ങൾ ഭയന്ന് പിന്തിരിഞ്ഞോടി. താഴ്‌വര ഇടുങ്ങിയതായതുകൊണ്ട് മൃഗങ്ങൾ ആളുകളെ ചവിട്ടിമെതിച്ചു. സൈന്യത്തിലെ ഈ പരിഭ്രാന്തി കാരണം ഹദ്റത്ത് ഖാലിദ് ബിൻ വലീദുപോലും മുറിവേറ്റ് കുതിരപ്പുറത്തുനിന്ന് വീണു. മുസ്‌ലിം സൈന്യം ചിതറിപ്പോയി. ഇതും ഒരു ചരിത്ര ഗ്രന്ഥത്തിലെഴുതിയിട്ടുള്ളതാണ്.

മൂന്നാമത്തെ ഘട്ടം നിർണ്ണായകമായിരുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്ؓ റിപ്പോർട്ട് ചെയ്തതുപോലെ, സൈന്യത്തിന്റെ ആദ്യഭാഗം ചിതറിപ്പോയി. ആദ്യം ബനൂ സുലയിം എന്ന വിഭാഗം ഓടി, അതിനുപിന്നാലെ മക്കയിലെ നവമുസ്‌ലിമീങ്ങളും സാധാരണക്കാരും പരാജയപ്പെട്ട് പിന്നോട്ടുപോയി. അവർ ആരെയും ശ്രദ്ധിച്ചില്ല. ആർക്കും സ്വന്തം കൈപോലും കാണാൻ കഴിയാത്ത വിധം പൊടിപടലങ്ങൾ ഉയർന്നിരുന്നു.

നബിﷺതിരുമേനി പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ശ്രദ്ധേയമായൊരു കാര്യം, യുദ്ധക്കളത്തിലെ സാഹചര്യം എന്തുതന്നെയായിരുന്നാലും, അവിടന്ന് അചഞ്ചലമായ ധൈര്യവും നിശ്ചയദാർഢ്യവുമാണ് പ്രകടിപ്പിച്ചിരുന്നത്. വലിയ വീരന്മാർക്കുപോലും കാലിടറുമ്പോൾ, അവിടന്ന് ഒരു പാറപോലെ ഉറച്ചുനിന്നിരുന്നു.

ഹദ്റത്ത് അനസ് ബിൻ മാലിക്ؓ പറയുന്നു:നബിﷺതിരുമേനി ഏറ്റവും സൗന്ദര്യവാനും, ഏറ്റവും ഉദാരനും, എല്ലാ ജനങ്ങളെക്കാളും ധീരനുമായിരുന്നു.

ഇതേ ഹുനയ്ൻ യുദ്ധത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഹദ്റത്ത് ബറാഅ് ബിൻ ആസിബ്ؓ പറയുന്നത് എല്ലാവരും ചിതറിപ്പോയപ്പോൾ നബിﷺതിരുമേനി ഏതാനും സ്വഹാബാക്കളോടൊപ്പം ഒറ്റപ്പെടുകയും ശത്രുക്കൾ അദ്ദേഹത്തിന്റെ അടുത്ത് വരാൻ തുടങ്ങുകയും ചെയ്തു. അപ്പോഴും നബിﷺതിരുമേനി തനിച്ച് ശത്രുവിന്റെ അടുത്ത് നീങ്ങുകയും ഉറക്കെ ഇങ്ങനെ പറഞ്ഞുകൊണ്ടുപോകുകയുമായിരുന്നു: ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്. നിവേദകൻ പറയുന്നു: 'അല്ലാഹുവാണെ സത്യം, യുദ്ധം കഠിനമാകുമ്പോൾ ഞങ്ങൾ നബിﷺതിരുമേനിയുടെ സംരക്ഷണത്തിൽ അഭയം തേടുമായിരുന്നു. നബിﷺതിരുമേനിയുടെ അടുത്ത് നിൽക്കുന്നവൻ ഏറ്റവും വലിയ ധീരനായി കണക്കാക്കിയിരുന്നു.'

ഈ അവസരത്തിൽ നബിﷺതിരുമേനിയുടെ ധൈര്യത്തിന്റെ മഹത്ത്വം കാരണം, ഒറ്റപ്പെട്ട അവസ്ഥയിലും നബിﷺതിരുമേനി തന്റെ കോവർക്കഴുതയെ ശത്രുവിന്റെ അടുത്തേക്ക് നയിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് അബ്ബാസ്ؓപറയുന്നു:'ഞാനും അബൂസുഫിയാൻ ബിൻ ഹാരിഥും നബിﷺതിരുമേനിയിൽനിന്ന് നിമിഷനേരംപോലും വിട്ടുപിരിഞ്ഞില്ല. ആളുകൾ ചിതറിപ്പോയപ്പോൾ നബിﷺതിരുമേനി തന്റെ കോവർക്കഴുതയെ വേഗത്തിൽ ശത്രുവിന്റെ നേരെ ഓടിച്ചു. ഈ അവസരത്തിൽ ഞാൻ കോവർക്കഴുതയെ തടയാൻ കടിഞ്ഞാൺ പിടിച്ചു, അത് കൂടുതൽ വേഗത്തിൽ പോകാതിരിക്കാൻ. അബൂസുഫിയാൻ ബിൻ ഹാരിഥ് അതിന്റെ അങ്കവടി പിടിച്ചിരുന്നു. ഒരു റിപ്പോർട്ടനുസരിച്ച്, അപ്പോഴും നബിﷺതിരുമേനിയുടെ അടുത്തുണ്ടായിരുന്ന ഹദ്റത്ത് അബൂബക്ർؓ കോവർക്കഴുതയുടെ കടിഞ്ഞാൺ പിടിച്ച് അതിനെ തടയാൻ ശ്രമിക്കുകയായിരുന്നു. നബിﷺതിരുമേനി എന്നോടു പറഞ്ഞു: "അബ്ബാസേ! വൃക്ഷത്തിന്റെ അസ്ഹാബികളെ വിളിക്കൂ;" അതായത്, ഹുദയ്ബിയ വേളയിൽ മുമ്പേ ജീവൻ നൽകാമെന്ന് പ്രതിജ്ഞയെടുത്തവരെ. ഹദ്റത്ത് അബ്ബാസ് ؓ പറയുന്നു, അദ്ദേഹത്തിന്റെ ശബ്ദം ഉയർന്നതായിരുന്നു. അദ്ദേഹം ഉറക്കെ വിളിച്ചു: 'അസ്ഹാബുസ്സമുറ (വൃക്ഷത്തിന്റെ സ്വഹാബാക്കൾ) എവിടെയാണ്? അദ്ദേഹം പറയുന്നു: 'അല്ലാഹുവാണെ സത്യം, അവർ അവരുടെ കുട്ടികളിലേക്ക് പശുക്കൾ മടങ്ങിവരുന്നതുപോലെ എന്റെ ശബ്ദം കേട്ടപ്പോൾ മടങ്ങിവന്നു. അവർ ലബ്ബയ്ക്ക്, ലബ്ബയ്ക്ക് യാ റസൂലല്ലാഹ് (ഞങ്ങളിതാ അങ്ങയുടെ സേവനത്തിൽ ഹാജരായിരിക്കുന്നു, യാ റസൂലല്ലാഹ്) എന്ന് വിളിച്ചുപറഞ്ഞു.' അവർ ഭ്രാന്തന്മാരെപ്പോലെ മടങ്ങിയെത്തി ശത്രുക്കളോടു പോരാടിത്തുടങ്ങി. ഇത് സ്വഹീഹ് മുസ്‌ലിമിന്റെ നിവേദനമാണ്.

വിവരിക്കപ്പെടുന്നു: മുസ്‌ലിം സൈന്യം ചിതറിപ്പോയപ്പോൾ, നബിﷺതിരുമേനിയോടൊപ്പം ഏതാനും ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അവരുടെ എണ്ണം നാലു മുതൽ മുന്നൂറുവരെ വിവരിക്കപ്പെടുന്നു. എണ്ണത്തിലുള്ള ഈ വ്യത്യാസത്തിന് കാരണം, നബിﷺതിരുമേനിയോടൊപ്പം വളരെ കുറച്ചാളുകൾ മാത്രമേ ഉണ്ടയിരുന്നുള്ളൂ, ബാക്കിയുള്ളവർ വിവിധ സ്ഥലങ്ങളിൽ ശത്രുക്കളോട് പോരാടുകയായിരുന്നു. അങ്ങനെ യുദ്ധക്കളത്തിൽ മുന്നൂറോളം ആളുകളാണുണ്ടായിരുന്നത്. അല്ലെങ്കിൽ, നബിﷺതിരുമേനിയോടൊപ്പമുള്ള ആളുകളുടെ എണ്ണം വിവിധ സമയങ്ങളിൽ കുറയുകയും കൂടുകയും ചെയ്തിരിക്കാം. അതിനാൽ മൂന്നോ നാലോ ആളുകളെ കണ്ടവർ ആ എണ്ണം പറഞ്ഞിട്ടുണ്ടാകും. പത്തോ പന്ത്രണ്ടോ ആളുകളെ കണ്ടവർ ആ എണ്ണം പറഞ്ഞതായിരിക്കാം. അതിലുമധികം ആളുകളെ കണ്ടവർ ആ എണ്ണവും പറഞ്ഞതാവാം. ഏതായാലും, ഒരു സമയത്ത് നബിﷺതിരുമേനിയോടൊപ്പം ഏതാനും പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മറ്റൊരു റിപ്പോർട്ടനുസരിച്ച്, ഒരാൾ ഹദ്റത്ത് ബറാഇനോടു ചോദിച്ചു: 'ഓ അബൂ അമ്മാറ! ഹുനയ്ൻ യുദ്ധത്തിൽ നിങ്ങൾ ഒളിച്ചോടിയോ?' അദ്ദേഹം പറഞ്ഞു: "അല്ലാഹുവാണെ സത്യം, നബിﷺതിരുമേനി പിന്തിരിഞ്ഞില്ല. എന്നാൽ, അമ്പുകൾ ലക്ഷ്യം തെറ്റാത്തവരായ ബനൂ ഹവാസിൻ, ബനൂ നസ്ർ എന്നിവരുടെ സംഘവുമായി ഏറ്റുമുട്ടിയപ്പോൾ ആയുധങ്ങളില്ലാത്ത ചില യുവാക്കൾ പിന്നോട്ടു പോകുകയായിരുന്നു. അവർ തുടർച്ചയായി അമ്പെയ്തു. നബിﷺതിരുമേനി ശത്രുവിന്റെ നേർക്ക് മുന്നോട്ടുപോയി, അവിടന്ന് തന്റെ വെളുത്ത കോവർക്കഴുതപ്പുറത്ത് ഇരിക്കുകയായിരുന്നു, അബൂസുഫിയാൻ ബിൻ ഹാരിഥ് അതിനെ നയിച്ചുകൊണ്ടിരുന്നു. നബിﷺതിരുമേനി താഴെയിറങ്ങി അല്ലാഹുവിനോടു സഹായം തേടി:

• ഹദീഥുന്നബ്‌വിﷺ •

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു
ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും
ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'
(ബു.30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ
മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ
സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

എന്നിട്ട് പറഞ്ഞു:

**അന നബിയ്യു ലാ കദിബ്, അനബ്നു അബ്ദിൽ മുത്ത്വലിബ്**

(ഞാൻ നബിയാണ്. ഇത് കളവല്ല. ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്.)

ഇയാസ് ബിൻ സലമﷺതന്റെ പിതാവ് സലമ ബിൻ അക്വഅൽﷺനിന്ന് വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ഹുനയ്ൻ യുദ്ധത്തിന് പുറപ്പെട്ടു. ശത്രുവിനെ കണ്ടുമുട്ടിയപ്പോൾ ഞാൻ മുന്നോട്ടുപോയി ഒരു മലയിടുക്കിൽക്കയറി. അവിടെവെച്ച് ഞാൻ ശത്രുവിന്റെ ഒരാളെ കണ്ടു. ഞാൻ അയാൾക്കുനേരെ ഒരു അമ്പെയ്തു, അയാൾ എന്റെ കണ്ണിൽനിന്ന് മറഞ്ഞു. അയാൾക്ക് എന്ത് സംഭവിച്ചുവെന്ന് എനിക്ക് മനസ്സിലായില്ല. ഞാൻ കണ്ടത് ആളുകൾ മറ്റൊരു മലയിടുക്കിൽനിന്ന് പുറത്തുവരുന്നതാണ്. അവർക്കും നബിﷺതിരുമേനിയുടെ സ്വഹാബാക്കൾക്കുമിടയിൽ യുദ്ധം നടന്നു. നബിﷺതിരുമേനിയുടെ സ്വഹാബാക്കൾ പിന്തിരിഞ്ഞോടി. ഞാൻ പരാജയപ്പെട്ട് മടങ്ങി. എന്റെ കയ്യിൽ രണ്ട് ഷാളുണ്ടായിരുന്നു. ഒന്ന് ഞാൻ പുതച്ചിരുന്നു. മറ്റേതു ഞാൻ പിടിച്ചിരുന്നു. എന്റെ ഷാൾ അഴിയാൻ തുടങ്ങി. ഞാൻ രണ്ടുംകൂടി ഒരുമിച്ചുപിടിച്ചു, പിന്നോട്ടുമാറി നബിﷺതിരുമേനിയുടെ മുന്നിലൂടെ കടന്നുപോയി. അവിടന്ന് കറുപ്പും വെളുപ്പും കലർന്ന ഒരു കോവർക്കഴുതപ്പുറത്തായിരുന്നു. നബിﷺതിരുമേനി ചോദിച്ചു: 'ഇബ്നു അക്വഅ് എന്തെങ്കിലും ബുദ്ധിമുട്ട് കണ്ടുവോ? ഈ അവസ്ഥയിൽ എന്തിനാണ് തിരിച്ചോടുന്നത്?'*(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുൽ ഹുനയ്ൻ ഹദീഥ് 4317)(സ്വഹീഹുൽബുഖാരി കിതാബുൽജിഹാദി വസ്സയ്ർ, ഹദീഥ് 2930)(സ്വഹീഹ് മുസ് ലിം കിതാബുൽജിഹാദി വസ്സയ്ർ, ഹദീഥ് 1777, 1776,1775) (സുനൻ ഇബ്നുമാജ കിതാബുൽ ജിഹാദ് ഹദീഥ് 2772)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാല്യം 9, പേജ് 253-255, ബസം ഇഖ്ബാൽ ലാഹോർ 2022)(മജ്മഉസ്സവാഇദ് വാല്യം 6, പേജ്189-190, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 318, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (താരീഖുൽ ഖുമയ്സ് വാല്യം 2, പേജ് 513, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ അവസ്ഥയിലെന്തിനാണ് പിന്തിരിഞ്ഞോടുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഹുനയ്ൻ യുദ്ധത്തിൽ ശരവർഷത്താൽ തിരിഞ്ഞോടിയ സംഭവത്തെക്കുറിച്ച് പറയുന്നു:

"ഹുനയ്ൻ യുദ്ധത്തിൽ മുസ്‌ലിം സൈന്യം പിന്നോട്ടു മാറിയപ്പോൾ, ശത്രുക്കളുടെ അമ്പുകളുടെ ആക്രമണം ശക്തമായതുകൊണ്ട് നബിﷺതിരുമേനി ഏതാനും സ്വഹാബാക്കളോടൊപ്പം ശത്രുവിന്റെ നേരെ മുന്നോട്ടുനീങ്ങി. ശത്രുവിന്റെ ആക്രമണം ശക്തമായതുകൊണ്ട് ഹദ്റത്ത് അബൂബക്ർﷺ, നബിﷺതിരുമേനിയെ തടയാനാഗ്രഹിച്ചു. അദ്ദേഹം മുന്നോട്ടുവന്ന് കുതിരയുടെ കടിഞ്ഞാൺ പിടിച്ചു. എന്നാൽ, നബിﷺതിരുമേനി പറഞ്ഞു: 'എന്റെ കുതിരയുടെ കടിഞ്ഞാൺ വിടുക.' അതിനുശേഷം, ഈ കവിത ചൊല്ലിക്കൊണ്ട് മുന്നോട്ടു നീങ്ങി:

**അന നബിയ്യു ലാ കദിബ്, അനബ്നു അബ്ദിൽ മുത്ത്വലിബ്**

ഞാൻ നബിയാണ്. ഇതു കളവല്ല. ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണ്.

ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകനാണെന്ന് നബിﷺതിരുമേനി പറഞ്ഞതിന്റെ അർഥം, ഇപ്പോൾ ശത്രുവിന്റെ ആക്രമണം വളരെ ശക്തമാണ്. ശത്രുവിന്റെ നാലായിരം വില്ലാളിവീരന്മാർ അമ്പുകളുടെ മഴ വർഷിച്ചുകൊണ്ടിരിക്കുന്നു. ഈ അവസ്ഥയിൽ എന്റെ മുന്നോട്ടുനീങ്ങൽ മനുഷ്യകഴിവുകൾക്കതീതമായ ഒന്നായി തോന്നിയേക്കാം. അതുകൊണ്ട് ആരും വഞ്ചിതരാകരുത്. എന്നിലെന്തെങ്കിലും ദൈവപരമായ ശക്തിയുണ്ടെന്ന് കരുതരുത്. ഞാൻ അബ്ദുൽ മുത്ത്വലിബിന്റെ മകൻ മാത്രമാണ്. ഒരു മനുഷ്യൻ മാത്രമാണ്. എന്റെ നബിത്വം കാരണം അല്ലാഹുവിന്റെ സഹായം മാത്രം എന്നോടൊപ്പമുണ്ട്.'*(ഖൗഫ് ഔർ ഉമ്മീദ് ക ദർമിയാനീ രാസ്ത്ത, അൻവാറുൽ ഉലൂം, വാല്യം 19, പേജ് 47)*

എല്ലാവരും ഒളിച്ചോടിയില്ലെന്നും റിപ്പോർട്ടുകളുണ്ട്. ഇമാം നവവി[റഹ്]എഴുതുന്നു: 'എല്ലാവരും ഓടിപ്പോയില്ല. മറിച്ച് മക്കയിലെ 'മുഅല്ലഫത്തുൽ ഖുലൂബ്' വിഭാഗത്തിൽപ്പെട്ട കപടവിശ്വാസികളും യുദ്ധത്തിൽ പങ്കെടുത്തവരും അപ്പോഴും മുസ്‌ലമീങ്ങളായിട്ടില്ലാത്തവരും ആണ് ഓടാൻ തുടങ്ങിയത്. ഈ അപ്രതീക്ഷിത പരാജയത്തിനു കാരണം ശത്രുക്കൾ ഒരുമിച്ച് അമ്പുകളുടെ മഴ വർഷിച്ചതായിരുന്നു. *(അൽമിൻഹാജ് ശറഹ് മുസ്‌ലിം, അല്ലാമ നവവി, പേജ് 1374, പ്രസാധനം ദാറു ഇബ്നുഹസം)*

ഏതായാലും, ഇമാം നവവിയുടെ[റഹ്] ഈ വാക്ക് ശരിയാണ്. യുദ്ധക്കളത്തിൽനിന്ന് ഭയം കാരണം ഓടിപ്പോയ എല്ലാവരും മുസ്‌ലിമീങ്ങളായിരുന്നില്ല. അതായത്, എല്ലാവരും ഓടിയില്ല മറിച്ച് ഹൃദയംകൊണ്ട് യുദ്ധത്തിൽ പങ്കെടുക്കാത്ത മക്കയിലെ നവമുസ്‌ലിമീങ്ങളാണ് അതിൽ ഉൾപ്പെട്ടിരുന്നത്. അവർ യുദ്ധമുതലിന്റെ ആഗ്രഹം കൊണ്ടോ വെറും കാഴ്ചക്കാരായിട്ടോ വന്നവരായിരുന്നു. എന്നാൽ, അവരുടെ പിന്തിരിഞ്ഞോട്ടവും ശക്തമായ അമ്പെയ്ത്തു കാരണം മറ്റു മുസ്‌ലമീങ്ങളുടെ യാത്രാമൃഗങ്ങൾക്ക് നിയന്ത്രണം വിടുകയും അവ മുസ്‌ലിമീങ്ങളെയും കൊണ്ട് പിന്തിരിഞ്ഞോടി എന്നതും ഒരു വസ്തുതയാണ്. അങ്ങനെ ഒരു വലിയ വിഭാഗം, മനപൂർവമല്ലാതെ, യാത്രാമൃഗങ്ങളെ നിയന്ത്രിക്കാനാവാതെ പിന്നോട്ടു മാറിയവരായിരുന്നു. അതുമൂലം ആത്മാർഥതയുള്ള മുസ്‌ലിമീങ്ങൾപോലും കുറച്ചു സമയത്തേക്ക് നിസ്സഹായരായി. ഏതായാലും, ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇൻശാ അല്ലാഹ് അടുത്ത തവണ വിശദീകരിക്കുന്നതാണ്.

ഇന്നുമുതൽ ജർമ്മൻ ജൽസാ സാലാന ആരംഭിച്ചിരിക്കുകയാണ്. ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ അല്ലാഹുവേ! തൗഫീഖ് നൽകണമേയെന്ന് അവിടെ പങ്കെടുക്കുന്ന എല്ലാവരും ദുആ ചെയ്യേണ്ടതാണ്. ഇത് വെറുമൊരു മേളയായി കാണരുത്. മറിച്ച് ഈ ദിവസങ്ങളിൽ തങ്ങളുടെ വൈജ്ഞാനികവും കർമപരവും ആത്മീയവുമായ വളർച്ചക്കുവേണ്ടി നിരന്തരം പ്രവർത്തിച്ചുകൊണ്ടേ പോകുമെന്ന് പ്രതിജ്ഞയെടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഈ ദിവസങ്ങളിൽ പ്രത്യേകം ദിക്റെ ഇലാഹി അഥവാ ദൈവസ്മരണയിലും പ്രാർഥനകളിലും സമയം ചെലവഴിക്കുക. തങ്ങൾക്കും തങ്ങളുടെ തലമുറകൾക്കും വേണ്ടി പ്രാർഥിക്കുന്നതോടൊപ്പം, ജമാഅത്തിന്റെ പുരോഗതിക്കും ശത്രുക്കളുടെ തിന്മകളിൽനിന്ന് അല്ലാഹുവിന്റെ സംരക്ഷണം ലഭിക്കുന്നതിനും അവരുടെ തിന്മകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി പ്രാർഥിക്കുക. അല്ലാഹു അവരുടെ ദോഷങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. പാകിസ്താനിൽ ദിവസവും എന്തെങ്കിലുമൊക്കെ വേദനാജനകമായ സംഭവം നടക്കുന്നുണ്ട്. അല്ലാഹു എത്രയുംവേഗം ഈ എതിരാളികളെ പിടികൂടുമാറാകട്ടെ. പൊതുവെ ലോകസമാധാനത്തിനു വേണ്ടിയും ദുആ ചെയ്യുക. ഈ ലോകം അവരുടെ പ്രവർത്തനങ്ങൾ കാരണം അതിന്റെ നാശത്തിലേക്ക് കൂടുതൽ അടുക്കുകയാണ്. അല്ലാഹു നമ്മെ ഈ ഭയാനകമായ നാശത്തിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. ഫലസ്തീനികൾക്കുവേണ്ടിയും ദുആ ചെയ്യുക. ഇസ്രായേലി സർക്കാർ


**• ഹദീഥുന്നബ്‌വിﷺ •**

**'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'**
**(മിശ്ക്കാത്ത് 3:4)**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA



**• ഹദീഥുന്നബ്‌വിﷺ •**

**യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ക്രൂരതയുടെയും കിരാതത്വത്തിന്റെയും പാരമ്യതയിലെത്തിയിരിക്കുകയാണ്. ഫലസ്തീനികളെ ഈ ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റാൻ അവർ ആഗ്രഹിക്കുന്നുവെന്ന് തോന്നുന്നു. നിരപരാധികളായ കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, രോഗികൾ, എന്നിവരോടുള്ള ക്രൂരത അതിന്റെ അതിരുകൾ ലംഘിച്ചിരിക്കുന്നു. എല്ലായിടത്തും കൂട്ടക്കൊലയാണ് നടക്കുന്നത്. ഇപ്പോൾ ചില രാഷ്ട്രീയക്കാരും ഭരണകൂടങ്ങളും ഇത് തെറ്റാണെന്നും ഇത് നിറുത്തണമെന്നും പറയാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ, ഇസ്രായേലി സർക്കാർ അവരുടെ വാക്കുകൾ കേൾക്കാൻ തയ്യാറല്ല. പണത്തിന്റെയും അധികാരത്തിന്റെയും ലഹരി അവരെയും അമേരിക്കയെയും അവരുടെ അനുയായികളെയും അഹങ്കാരത്തിന്റെയും ക്രൂരതയുടെയും അങ്ങേയറ്റത്തെത്തിച്ചിരിക്കുന്നു. മുസ്‌ലിം ഭരണകൂടങ്ങളും ഒന്നും ചെയ്യുന്നില്ല. അവർക്കൊന്നും ചെയ്യാൻ കഴിയില്ലെങ്കിൽ, ദൈവ സഹായം ലഭിക്കുന്നതിന് അവർ തങ്ങളുടെ അവസ്ഥകളിൽ ഒരു മാറ്റമുണ്ടാക്കി അല്ലാഹുവിന്റെ മുമ്പിൽ തല കുനിക്കട്ടെ. അവർക്ക് ഈ ബുദ്ധി ലഭിച്ചിരുന്നെങ്കിലെന്ന് ആഗ്രഹിച്ചു പോകുന്നു. അതുപോലെ, മുസ്‌ലിമീങ്ങൾ മുസ്‌ലിമീങ്ങളെയും ഉപദ്രവിക്കുകയാണ്. അല്ലാഹു അവരെയും ഈ ക്രൂരതയിൽനിന്ന് തടയുമാറാകട്ടെ.

ഈ എല്ലാ ക്രൂരതകൾക്കുമെതിരെ കഴിവിന്റെ പരാമവധി ശബ്ദമുയർത്തേണ്ടത് ഇന്ന് അഹ്മദികളായ നമ്മുടെ കടമയാണ്. ഇതിനു പ്രത്യേകമായി ദുആ ചെയ്യുക. ഹൃദയവേദനയോടെ ദുആ ചെയ്യുക. അല്ലാഹു ഇതിനുള്ള കഴിവ് നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ. *(തർജമ: മുഹമ്മദ് ആരിഫ് ഖാദിയാൻ)* ***(അൽഫള്ൽ ഇന്റർനാഷണൽ 2025 സെപ്റ്റംബർ 19, പേജ് 2-7)***

പേജ് 1 ൽ നിന്ന്

**നാഹു ഖൽഖൻ ആഖറ** എന്നതിൽ പറയപ്പെട്ടിരിക്കുന്നു. അതായത് പിന്നീട് അതിനെ മറ്റൊരു സൃഷ്ടിയായി മാറ്റുന്നു. അതിൽ എങ്ങനെയുളള ദൈവികമായ വർണംപിടിക്കുന്നുവെന്നാൽ ആദ്യം അത് അല്ലാഹു പറഞ്ഞതനുസരിച്ച് സംസാരിച്ചിരുന്നെങ്കിൽ ഇപ്പോൾ എന്തൊന്നാണോ അവൻ പറയുന്നത് അല്ലാഹുവും അതനുസരിച്ച് തന്റെ കൽപനകൾ പുറപ്പെടുവിച്ചുകൊടുക്കുന്നു. അതായത് ആദ്യം അല്ലാഹു അവന്റെ കൈയും കാലുമായിരുന്നുവെങ്കിൽ പിന്നീട് അവൻ അഭിവൃദ്ധിപ്പെട്ടുപെട്ട് ഏതൊരു സ്ഥാനത്തെത്തുമെന്നാൽ അവന്റെ സ്വന്തം കാലുകളും കൈകളും അവന്റെ നാവും അല്ലാഹുവിന്റെ നാവായിത്തീരുന്നു. അവൻ **മാ യൻത്വിഖു അനിൽ ഹവാ ഇൻ ഹുവ ഇല്ലാ വഹ്‌യുൻ യൂഹാ**യുടെ സാക്ഷാത്കാരമായിത്തീരുന്നു. ഇത് മാനുഷിമായ ശ്രേഷ്ഠതയുടെ ആ അവസാനത്തെ പോയന്റാകുന്നു, ഈ ശ്രേഷ്ഠസ്ഥാനത്തെത്തി ദൈവികമായ ഗുണങ്ങൾ അവന്റെ ഖൽബിലെ ദർപ്പണത്തിൽ പ്രതിഫലിക്കാൻ തുടങ്ങുന്നു. അവൻ അല്ലാഹുവിന്റെ പ്രതാപത്തിന്റേയും സൗന്ദര്യത്തിന്റേയും പ്രതീകമായിത്തീരുന്നു. അവനോടു ശത്രുത പുലർത്തുന്നവർ അല്ലാഹുവിനോടു ശത്രുത പുലർത്തുന്നവരും അവനോടു സ്നേഹം പുലർത്തുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും സമ്മാനങ്ങൾക്കും പാത്രിഭൂതരുമായിത്തീരുന്നു. ഈ സ്ഥാനത്തെ സൂചിപ്പിച്ചുകൊണ്ട് അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ ഒരു സ്ഥലത്ത് പറയുന്നു:

**ഏ ആൻ കെ സൂയെ മൻ ബദീദി**
**ബി സ്വദ് തിബർ**
**അസ് ബാഗ് ബാൻ ബതർസ്**
**കെ മൻ ശാഖെ മഥ്മറം**

ഞാൻ നട്ടുപിടിപ്പിച്ച തോട്ടത്തെ വെട്ടി നശിപ്പിക്കുക എന്നുദ്ദേശ്യത്തോടുകൂടി മഴുവും കോടാലിയുമായി ഓടിവരുന്നവനേ! നീ തോട്ടക്കാരനെ ഭയപ്പെടുക. വെട്ടപ്പെടാവുന്ന ശാഖയല്ല ഞാൻ. നിന്റെ തന്ത്രങ്ങൾ മറിഞ്ഞ് നിന്റെമേൽത്തന്നെ പതിക്കുന്നതാണ്. നിന്റെ പദ്ധതികൾ നിന്നെത്തന്നെ നശിപ്പിക്കുന്നതായിരിക്കും. കാരണം എന്റെ തലമുതൽ പാദങ്ങൾവരെ എന്റെ അല്ലാഹു എന്നോടു ചേർന്നിരിക്കുന്നു. ആക്രമിക്കാൻ വരുന്നവന് എന്നെ ആക്രമിക്കാൻ സാധിക്കുകയില്ല. അവൻ അല്ലാഹുവിന്റെ മേലാണ് ആക്രമണം നടത്തുന്നത്. തന്റെ ആക്രമണത്തിലൂടെ അല്ലാഹുവിനെ വിജയിക്കുന്നവനാരുണ്ട്?(തഫ്സീറെ കബീർ വാല്യം 6, പേജ് 147, ഖാദിയാൻ 2010)

പേജ് 12 ൽ നിന്ന്

പശ്ചാത്തപിച്ചു മടങ്ങുക(11:4) *(മൽഫൂദാത്ത് വാല്യം 2, പേജ് 67-68, 1984 പതിപ്പ്)*

"**വ അനിസ്തഗ്ഫിറൂ റബ്ബക്കും ഥുമ്മ തൂബൂ ഇലയ്ഹി**(11:4)നിങ്ങളുടെ നാഥനോടു നിങ്ങൾ പാപമോചനത്തിന് അർഥിക്കുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. ഓർമിക്കുക, ഈ രണ്ടു കാര്യങ്ങളും ഈ ഉമ്മത്തിന് പ്രദാനം ചെയ്യപ്പെട്ടു. ഒന്നു ശക്തി കരസ്ഥമാക്കുന്നതിന് 'ഇസ്തിഗ്ഫാർ' ചെയ്യുക. രണ്ടാമത്തേത് കരസ്ഥമാക്കിയ ശക്തി കർമപരമായ നിലയിൽ കാണിക്കുന്നതിന് തൗബ ചെയ്തുകൊണ്ട് അവനിനലേക്ക് മടങ്ങുക. ശക്തി കരസ്ഥമാക്കുന്നതിന് ഇസ്തിഗ്ഫാറാണ്. ഇതിന് മറ്റു വാക്കുകളിൽ ഇസ്തംദാദ് (സഹായത്തിന്നപേക്ഷിക്കൽ) എന്നും ഇസ്തിആനത്ത് (സഹായം അഭ്യർഥിക്കൽ)എന്നും പറയുന്നു. സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു, വ്യായാമം ചെയ്യുന്നതുകൊണ്ട്" മുമ്പേയും പറഞ്ഞതുപോലെ "ഭാരമുള്ള വസ്തുക്കളുയർത്തുകയും ചലിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് ശാരീരികമായ കഴിവും ശക്തിയും വർധിക്കുന്നു. ഇതേപോലെ ആത്മീയമായ വ്യായാമത്തിനുള്ള സാമഗ്രിയാണ് ഇസ്തിഗ്ഫാർ. അതിനോടൊപ്പം ആത്മാവിനൊരു ശക്തി ലഭിക്കുന്നു. മനസ്സിൽ സ്ഥൈര്യമുണ്ടാകുന്നു. ശക്തിയാർജിക്കാൻ താൽപര്യമുള്ളവർ ഇസ്തിഗ്ഫാർ ചെയ്യുക."

ഹദ്റത്ത് വാഗ്ദത്ത മസീഹ്ﷺ പറയുന്നു: "ഓർത്തു കൊള്ളുക, ക്ഷമയിൽ അതിരു വിടുന്നതുവരെ, സ്ഥിരചിത്തതയോടെ പ്രാർഥനകളിൽ മുഴുകുന്നതുവരെ ഒരു വ്യക്തിക്കൊരിക്കലും പ്രാർഥന മുഖേന ഫലമെടുക്കാൻ സാധിക്കുകയില്ല. ഒരിക്കലും ദുർഭാവനയും ഊഹവും അല്ലാഹുവിനെ കുറിച്ച് വെച്ചു പുലർത്താതിരിക്കുക. എല്ലാ ശക്തികളുടേയും തീരുമാനങ്ങളുടേയും ഉടമസ്ഥനാണ് അവനെന്ന് ചിന്തിക്കുക. ദൃഢത കൈവരിക്കുക. തുടർന്ന് ക്ഷമയോടെ പ്രാർഥനകളിൽ മുഴുകുക. അല്ലാഹുവിന്റെ മുമ്പിൽ അവന്റെ പ്രാർഥനകൾ കേൾക്കുന്ന ആ നേരം വരും. അവന് മറുപടി നല്കുകയും ചെയ്യും. ഈ കുറിപ്പടി ഉപയോഗിക്കുന്നവർ ഒരിക്കലും ഹതഭാഗ്യരോ വിലക്കപ്പെട്ടവരോ ആകുക സാധ്യമല്ല. എന്നല്ല, സുനിശ്ചിതമായും അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയം പ്രാപിക്കുന്നു."*(മൽഫൂദാത്ത്, ഭാഗം 2, പേജ് 67-68, 1984 പതിപ്പ്)*

## ദുആയുടെ മര്യാദ

ആളുകൾ ദുആ ചെയ്യുന്നതിനു വേണ്ടി കത്തുകൾ അയക്കുകയും തങ്ങൾക്കുവേണ്ടി ചെയ്യുന്ന ഈ ദുആ സ്വകരിക്കപ്പെട്ടില്ലെങ്കിൽ തങ്ങൾ കള്ളവാദിയാണെന്ന് മനസ്സിലാക്കുമെന്ന് ഒപ്പം എഴുതുകയും ചെയ്യുന്നു. വരുവിൻ! ഈയാളുകൾ ദുആയുടെ മര്യാദകളെക്കുറിച്ച് എത്രമാത്രം അജ്ഞരാണ്. ദുആ ചെയ്യുന്നയാൾക്കും ചെയ്യിക്കുന്നയാൾക്കുമുള്ള നിബന്ധനകളെന്താണെന്ന് അവർക്കറിയില്ല. ദുആ ചെയ്യുന്നതിനുമുമ്പേതന്നെ തെറ്റായധാരണയുടെ ഇരയാകുന്നു. തങ്ങൾ വിശ്വസിച്ചതിന്റെ ഔദാര്യം പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു. വിശ്വസിക്കുകയില്ലെന്നും നിഷേധിക്കുമെന്നും ഭീഷണിപ്പെടുത്തുന്നു. അത്തരം കത്തുകൾ വായിക്കുമ്പോൾ എനിക്കു ദുർഗന്ധമുണ്ടാകുന്നു. ഇതിനെക്കാൾ നല്ലത് അവർ ദുആയ്ക്കുവേണ്ടി കത്തെഴുതാതിരുന്നങ്കിലെന്നാണ് ഞാൻ കരുതുന്നത്.

ഞാൻ പല പ്രാവശ്യവും ഇക്കാര്യം വിവരിച്ചിട്ടുള്ളതാണ്. വീണ്ടും ഹ്രസ്വമായി വിവരിക്കുകയാണ്. അല്ലാഹു തന്റെ ദാസന്മാരോടു സൗഹാർദപരമായി കാര്യം നടത്താനാണ് ആഗ്രഹിക്കുന്നത്. സുഹൃത്തുക്കൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള കൈമാറ്റുമുണ്ട്. ഇപ്രകാരം അല്ലാഹുവും അവന്റെ ദാസനും തമ്മിലും അങ്ങോട്ടുമിങ്ങോട്ടുമുള്ള ഒരു കൈമാറ്റമുണ്ട്. അല്ലാഹുവിന്റെ പക്കലുള്ള കൈമാറ്റമെന്നത് ഏതുപോലെ അവൻ തന്റെ ദാസരുടെ ആയിരക്കണക്കിന് ദുആകൾ കേൾക്കുകയും സ്വീകരിക്കുകയും അവന്റെ കുറവുകൾ മറച്ചുവെക്കുകയും ചെയ്യുന്നുവോ അവൻ നിന്ദ്യനിൽ നിന്ദ്യനായ വ്യക്തിയായിരുന്നിട്ടും അവന്റെമേൽ അനുഗ്രഹവും കരുണയും ചെയ്യുന്നു. ഇപ്രകാരം അല്ലാഹുവിന്റെ അവകാശമാണ് അല്ലാഹു പറയുന്നകാര്യവും അവൻ സ്വീകരിക്കുകയെന്നതും. അതായത് എതെങ്കിലും ദുആ തന്റെ ഇച്ഛയും ഉദ്ദേശ്യവുമനുസരിച്ച് നടക്കാതെ വന്നാൽത്തന്നെയും അല്ലാഹുവിനെ തെറ്റുധരിക്കാതിരിക്കുക. പ്രത്യുത ഈ അപജയത്തെ തന്റെ ഏതെങ്കിലും തെറ്റുകൊണ്ടാണെന്ന് കരുതി അല്ലാഹുവിന്റെ സമ്പ്രീതിയിൽ ആത്മാർഥതയോടെ സംതൃപ്തനാകുക. തഅന്റെ യജമാനൻ ഇതാണ് ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യുക. നടത്തുകയാണ്. *(മൽഫൂദാത്ത് വാല്യം 2, പേജ് 77-78, 2018 പതിപ്പ്, ഖാദിയാൻ)*

## ജീവിതത്തിന്റെ ആഗ്രഹം പാപത്തിന്റെ വേര്.

ജീവിതത്തിന്റെ അമിതാഗ്രഹം ഭൂരിഭാഗവും പാപങ്ങളുടേയും ദൗർബല്യങ്ങളുടേയും വേരാണ്. നമ്മുടെ സ്നേഹിതന്മാർ നിർബന്ധമായും ചെയ്യേണ്ടത് യഥാർഥ ഉടമസ്ഥന്റെ സംതൃപ്തിയിൽ പ്രിയപ്പെട്ട സമയങ്ങൾ ചെലവ

ഴിക്കാൻ ശ്രമിക്കുക എന്നതാണ്. ചുരുക്കമിതാണ്, അങ്ങനെയല്ലെങ്കിൽ ഇന്നു യാത്ര പോകുന്നവരിലും അമ്പതു വർഷത്തിനുശേഷം പോകുന്നവരിലും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്. ഇന്നുള്ള ചന്ദ്രനും സൂര്യനും തന്നെയാണ് ആ ദിവസവുമുണ്ടായിരിക്കുക. ഏതൊരു മനുഷ്യനാണോ ഉപകാരപ്രദനും അവന്റെ മതത്തിന്റെ സേവകനുമായിട്ടുള്ളത് അല്ലാഹു സ്വയമേവ അവന്റെ ആയുസ്സിലും ആരോഗ്യത്തിലും അനുഗ്രഹമിടുന്നു. ശർറുന്നാസ് അഥവാ കുഴപ്പക്കാരെ ഒട്ടും പരിഗണിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ എല്ലാ ജോലിയും എല്ലാ അവസ്ഥയും അല്ലാഹുവിലായിക്കൊണ്ടു ചെയ്യുക. അല്ലാഹുതന്നെ നിങ്ങളെ സുരക്ഷിതരായി വെക്കുന്നതായിരിക്കും.

മുപ്പതുവർഷത്തിലധികം കഴിയുന്നു, അല്ലാഹു എന്നോടു വ്യക്തമായ വാക്കുകളിൽ പറഞ്ഞു:"നിന്റെ പ്രായം 80 വർഷം അല്ലെങ്കിൽ രണ്ടോനാലോ അധികമോ കുറവോ ആയിരിക്കും. ഇതിലും രഹസ്യമുണ്ട്. അതായത് ഏതൊരു ജോലിയാണോ എന്നെ ചുമതലപ്പെടുത്തിയിട്ടുള്ളത് അത് ഇക്കാലയളവിൽ പൂർത്തീകരിക്കുന്നത് സമ്മതമായിരിക്കും. അതുകൊണ്ട് എനിക്കെന്റെ രോഗത്തിൽ ഒരിക്കലും മരണത്തെക്കുറിച്ച് ദുഃഖമുണ്ടായിട്ടില്ല.

എനിക്ക് നല്ലവണ്ണം ഓർമയുണ്ട്, ഏതൊരു മരങ്ങളുടെ താഴെയാണോ ഞാൻ ആറേഴുവയസ്സ് പ്രായത്തിൽ കളിക്കാറുണ്ടായിരുന്നത് ഇന്നും അതേപോലെതന്നെ ചില മരങ്ങൾ പച്ചപിടിച്ച് നിൽക്കുന്നു. പക്ഷേ, ഞാനെന്റെ അവസ്ഥ മറ്റെന്തോ ആയിട്ടുള്ളതായി കാണുന്നു. നിങ്ങൾക്കും ഇത് സങ്കല്പിച്ചു നോക്കാവുന്നതാണ്. സമകാലീനരായവരുടെ ഈ കുത്തിപ്പറയൽ നല്ല അവസരമായി മനസ്സിലാക്കുക. അതിൽ ആത്മാവിന്റെ സംസ്കരണം ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഇതില്ലെങ്കിൽപ്പിന്നെ മൗലായെകരീമിനുള്ള സേവനവും ഹദ്റത്തെ ഇസ്സത്തിനുള്ള കാഴ്ചദ്രവ്യവും എന്തായിരിക്കും? നിങ്ങൾ രോഗത്തെ കുറിച്ച് ചിന്താകുലരാകുന്നു. നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന സഹോദരങ്ങൾ അതായത് സ്വഹാബത്ത് ബയ്അത്ത് ചെയ്തതുതന്നെ ജീവനർപ്പിക്കുമെന്ന് പറഞ്ഞുകൊണ്ടായിരുന്നു. എപ്പോഴാണ് തങ്ങളുടെ യഥാർഥ ദൈവത്തിന്റെ വഴിയിൽ മരണംവരിക്കാനുള്ള ആ സമയം വരികയെന്നോർത്ത് അവർ കാത്തുകാത്തിരുന്നു. ചുരുക്കത്തിൽ എല്ലാ അവസ്ഥയിലും ആരോഗ്യമുള്ളപ്പോഴാകട്ടെ രോഗമുള്ളപ്പോഴാകട്ടെ നിങ്ങൾ ഉദാരനായ യജമാനനോടു കാര്യങ്ങൾ ശരിയാക്കി വെക്കുക. എല്ലാജോലിയും നല്ലതായിത്തീരുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 2, പേജ് 82 2018 പതിപ്പ്, ഖാദിയാൻ)

## റമളാൻ നോമ്പ്

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറഞ്ഞു: റമളാൻ മാസം അനുഗൃഹീത മാസമാണ്. ദുആകളുടെ മാസമാണ്.

അവിടന്ന് പറഞ്ഞു: "മരണത്തോടു അടുത്താകുമ്പോൾമാത്രം നോമ്പു വിടുക എന്നതാണ് എന്റെ അവസ്ഥ. നോമ്പുപേക്ഷിക്കാൻ മനസ്സ് ആഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീത ദിനങ്ങളാണ്. അല്ലാഹുവിന്റെ ഫള്ലും റഹ്മത്തും ഇറങ്ങുന്ന ദിനങ്ങളാണ്."

**ലാളിത്യം:**

"ഓർമവെച്ചുകൊള്ളുവിൻ, കുട്ടികളെപ്പോലുള്ള ലാളിത്യം ഉണ്ടാകാത്തിടത്തോളം മനുഷ്യന് നബിമാരുടെ മതം സ്വീകരിക്കാൻ സാധിക്കുകയില്ല."

**ജീവിതത്തിന്റെ തൂൺ:**

ഹദ്റത്ത് മസീഹ് മൗഊദ്ؑന് ആരോഗ്യപരമായി കുറച്ച് ക്ഷീണമുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു:എല്ലാ വസ്തുവിനും തൂണുണ്ടാകുന്നു. ജീവിതത്തിന്റേയും ആരോഗ്യത്തിന്റേയും തൂൺ അല്ലാഹുവിന്റെ ഫള്ലാണ്."

ഒരാൾ കേൾപ്പിച്ചു: പ്രസിദ്ധരായ പുസ്തകവ്യാപാരികളോടു ദൂരെ ദൂരെനിന്ന് അങ്ങയുടെ ഗ്രന്ഥങ്ങൾ ആവശ്യപ്പെടുന്നുണ്ട്. അവിടന്ന് പറഞ്ഞു:

"അല്ലാഹു കാറ്റുവീശിയിരിക്കുകയാണ്. ആളുകൾ അവരവരുടെ സ്ഥലത്തിരുന്ന് ഗവേഷണത്തിൽ മുഴുകിയിരിക്കുയാണ്."*(മൽഫൂദാത്ത് വാല്യം 2, പേജ് 83-84, 2018 പതിപ്പ് ഖാദിയാൻ)*

ഒരാൾ തന്റെ കടത്തെ സംബന്ധിച്ച് ദുആ ചെയ്യാൻ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞു:"അധികമധികമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. മനുഷ്യന് ദുഃഖങ്ങളിൽ നിന്ന് വിടുതൽ കിട്ടുന്നതിനുള്ള മാർഗമിതാണ്."

ഒരാളോടു ഇസ്തിഗ്ഫാർ ചെയ്യാൻ നിർദേശിച്ചുകൊണ്ടു പറഞ്ഞു: ആത്മീയാഭിവൃദ്ധികളുടെ താക്കോലാണ് ഇസ്തിഗ്ഫാർ.

വിശുദ്ധ ഖുർആനിൽ മസീഹ് മൗഊദിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും കുറിച്ചു പറയുന്നുണ്ട്.

പറഞ്ഞു: ധാരാളമായി ഓതപ്പെടുന്ന നാലു സൂറത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്. അവയിൽ മസീഹ് മൗഊദിനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും കുറിച്ച് പറഞ്ഞിട്ടുണ്ട്. (1) സൂറ ഫാത്തിഹ. അത് എല്ലാ റക്അത്തിലും ഓതപ്പെടുന്നു. അതിൽ നമ്മുടെ വാദത്തിനുള്ള തെളിവുണ്ട്. അത് ഈ തഫ്സീറിൽ സ്ഥാപിക്കുന്നതായിരിക്കും. (2) സൂറ ജുമുഅ. ഇതിൽ ആഖരീന മിൻഹും എന്ന് പറഞ്ഞിട്ടുള്ളത് മസീഹ് മൗഊദിന്റെ ജമാഅത്തിനെ കുറിച്ചാണ്. ഇത് എല്ലാ വെള്ളിയാഴ്ചയും ഓതപ്പെടുന്നു. (3) സൂറ കഹ്ഫ്. ഇത് ഓതിക്കൊണ്ടിരിക്കണമെന്ന് നബിﷺതിരുമേനി താക്കീതോടെ പറഞ്ഞു. (4) വിശുദ്ധ ഖുർആനിലെ അവസാനത്തെ സൂറത്ത്. ഇതിൽ ദജ്ജാലിന്റെ പേര് 'ഖന്നാസ്' എന്നുവെച്ചിരിക്കുന്നു. ഇബ്റാനീ തൗറാത്തിൽ ദജ്ജാലിനുവേണ്ടി പറഞ്ഞിട്ടുള്ള അതേ വാക്കാണിത്. അതായത് നഹാശ്. ഇപ്രകാരംതന്നെ വിശുദ്ധ ഖുർആനിന്റെ മറ്റു സ്ഥലങ്ങളിലും ധാരാളം പറഞ്ഞിട്ടുണ്ട്. *(മൽഫൂദാത്ത് വാല്യം 2, പേജ് 86, 2018 പതിപ്പ്, ഖാദിയാൻ)*

നബിﷺതിരുമേനിയുടെ മുഹമ്മദ് എന്ന പേര് പ്രതാപപരമായ വർണത്തിലുള്ളതായിരുന്നു. അഹ്മദ് സൗന്ദര്യമായ വർണത്തിലുള്ളതായിരുന്നു.

കാരണം നമ്മുടെ ജമാഅത്തും സൗന്ദര്യപരമായ വർണത്തിലാണുള്ളത്. ഇക്കാരണത്താൽ ഇതിന്റെ പേര് അഹ്മദി എന്നായി.

അഹ്മദിയ്യ ജമാഅത്തിന്റെ നാമ കാരണം

(ഈ ജമാഅത്തിന്റെ പേര് അഹ്മദി എന്ന് വെച്ചപ്പോൾ, ഇതു പുതിയപേരാണെന്ന് ആരോ ആക്ഷേപിച്ചിരുന്നു. അതിനെ സംബന്ധിച്ച് കുറച്ച് സംസാരം നടന്നു)

മസീഹ് മൗഊദ്ؑ പറഞ്ഞു:"ആളുകൾ തങ്ങളുടെ പേര് ഹനഫീ എന്നും ശാഫീ എന്നും മറ്റും വെച്ചിരിക്കുന്നു. ഇതെല്ലാം ബിദ്അത്ത് അഥവാ അനാചാരമാണ്. ഹദ്റത്ത് നബിﷺതിരുമേനിക്ക് രണ്ടേരണ്ടുപേരുമാത്രമാണുണ്ടാ

### • ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
SERA SPORTS, P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 AI, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

### • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും)**
**ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു.**
**എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

### • ഹദീഥുന്നബ്‌വിﷺ •

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**
**(മുസ്‌ലിം. മിശ്ക്കാത്ത് 3)**

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

യിരുന്നത്. മുഹമ്മദും അഹ്മദും സ്വല്ലല്ലാഹു അലയ്ഹിവസല്ലം. നബിﷺതിരുമേനിയുടെ ഇസ്മ് അഅ്ളം മുഹമ്മദ് എന്നാണ്;അല്ലാഹുവിന്റെ ഇസ്മ് അഅ്ളം അല്ലാഹു ആണെന്നതുപോലെ! ഇസ്മുല്ലാഹ് മറ്റു എല്ലാ നാമങ്ങളും ഉദാഹരണത്തിന് ഹയ്യ്, ഖയ്യൂം, റഹ്മാൻ, റഹീം തുടങ്ങിയവയുടെ മൗസ്വൂഫാണ്;വിശേഷിപ്പിക്കപ്പെട്ടതാണ്. ഹദ്റത്ത് റസൂൽകരീംﷺയുടെ നാമം അഹ്മദ് എന്നുമാണ്. ഇതിനെ കുറിച്ച് ഹദ്റത്ത് മസീഹ് നാസിരീؑയഅ്തീ മിൻബഅ്ദിസ്മുഹു അഹ്മദു എന്നതിൽ പറഞ്ഞിരിക്കുന്നു. (സ്വഫ്ഫ്:7) മിൻബഅ്ദീ എന്ന പദം പ്രകടിപ്പിക്കുന്നത് ആ നബി എന്റെ ശേഷം തുടർന്നു വരുമെന്നാണ്. അതായത് എന്റേയും അദ്ദേഹത്തിന്റേയുമിടയിൽ ഒരു നബിയും ഉണ്ടായിരിക്കുകയില്ല. ഹദ്റത്ത് മൂസാؑഈ വാക്കുകൾ പറഞ്ഞില്ല. പ്രത്യുത അദ്ദേഹം മുഹമ്മദുർറസൂലുല്ലാഹി വല്ലദീന മഅഹു അശിദ്ദാഉ എന്നതിൽ ഹദ്റത്ത് റസൂൽകരീംﷺന്റെ മദ്നീ ജിവിതത്തിലേക്ക് സൂചന നല്കിയിരിക്കുകയാണ്. ധാരാളം മുഅ്മിനീങ്ങൾ കൂടെയുണ്ടായിരുന്നപ്പോൾ. അവർ സത്യനിഷേധികളുമായി യുദ്ധം ചെയ്തു. ഹദ്റത്ത് മൂസാؑ, നബിﷺതിരുമേനിയുടെ പേര് മുഹമ്മദ് എന്ന് പറഞ്ഞു. സ്വല്ലല്ലാഹുഅലയ്ഹിവസല്ലം. കാരണം ഹദ്റത്ത് മൂസാ തന്നെയും ജലാലീ അഥവാ പ്രതാപപരമായ വർണത്തിൽ വന്നിരുന്നയാളാണ്. ഹദ്റത്ത് ഈസാؑഅവിടത്തെ നാമം അഹ്മദ് എന്ന് പറഞ്ഞു. കാരണം അദ്ദേഹംതന്നെയും എപ്പോഴും ജമാലീ അഥവാ സൗന്ദര്യപരമായ വർണത്തിലായിരുന്നു. നമ്മുടെ ജമാഅത്തും സൗന്ദര്യപരമായ വർണത്തിലാണുള്ളത്. ഇക്കാരണത്താൽ ഇതിന്റെ പേര് അഹ്മദി എന്നായി.*(മൽഫൂദാത്ത് വാള്യം 2, പേജ് 88, 2018 പതിപ്പ്, ഖാദിയാൻ)*

### അബൂബക്ർؓന്റെ സ്ഥാനമഹിമ

ഹദ്റത്ത് മസീഹ് മൗഊദ്ؑവിശുദ്ധ ഖുർആനിലെ ഒരു ആയത്ത് വിവരിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്ർؓന്റെ സ്ഥാനമാഹാത്മ്യങ്ങൾ ഇങ്ങനെ വിവരിക്കുന്നു: "അല്ലാഹു ഇവിടെ പറയുന്നു, 'നീ ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുക, എത്രത്തോളമെന്നാൽ നിനക്ക് ദൃഢഗാഢമായ ജ്ഞാനത്തിന്റെ സ്ഥാനം ലഭ്യമാകുന്നതുവരെയും! എല്ലാ ആവരണങ്ങളും ഇരുട്ടിന്റെ മറകളും നീങ്ങിപ്പോകുകയും താൻ നേരത്തെ ഉള്ളവനല്ലെന്ന് ബോധ്യപ്പെടുകയും ചെയ്യും. മറിച്ച് ഇപ്പോൾ പുതിയ ഭൂമിയും പുതിയ ആകാശവുമാണെന്നും താൻ പുതിയ സൃഷ്ടിയാണെന്നും ബോധ്യമാകും. ഈ പുനർജന്മത്തിനു തന്നെയാണ് സൂഫികൾ ബഖാ എന്ന പേര് പറയുന്നത്. മനുഷ്യൻ ഈ തലത്തിലെത്തിച്ചേരുമ്പോൾ അല്ലാഹുവിന്റെ ആത്മാവ് അവനിൽ ഊതപ്പെടുന്നു. മലക്കുകൾ അവർക്കുമേൽ ഇറങ്ങുന്നു. നബിﷺതിരുമേനി ഹദ്റത്ത് അബൂബക്ർؓനെ കുറിച്ച് ഈ ഒരു തത്ത്വരഹസ്യമാണ് പറഞ്ഞുതന്നത്. അതായത് ആരെങ്കിലും ഭൂമിയിലൂടെ മൃതദേഹം നടക്കുന്നതായി കാണാനാഗ്രഹിക്കുന്നെങ്കിൽ അവർ അബൂബക്റിനെ കണ്ടുകൊള്ളട്ടെ! അബൂബക്റിന്റെ പദവി അദ്ദേഹത്തിന്റെ ഭൗതിക കർമങ്ങൾ കൊണ്ടു മാത്രമുള്ളതായിരുന്നില്ല. മറിച്ച് അത് അദ്ദേഹത്തിന്റെ ഹൃദയത്തിലാണുണ്ടായിരുന്നത്.(മൽഫൂളാത്ത് വാള്യം 2, പേജ് 98)

### നബിﷺതിരുമേനി മാലോകർക്ക് മാതൃക

തുടർന്ന് അദ്ദേഹം പറയുന്നു:"അതിക്രമങ്ങൾ പ്രവർത്തിച്ചവരെ മക്കാവിജയത്തെ തുടർന്ന് വേണമെങ്കിൽ നബിﷺതിരുമേനിയ്ക്ക് അരിഞ്ഞിടാമായിരുന്നു. എന്നാൽ, അവിടന്ന് കരുണ കാണിച്ചു. ലാ തഥ്‌രീബ അലയ്ക്കുമുൽയൗം എന്നു പറഞ്ഞു. നബിﷺതിരുമേനി മാപ്പാക്കിയ ക്ഷണത്തിൽ അവരെല്ലാം ഒന്നിച്ച് മുസ്‌ലിമായി. ഇത്തരത്തിലുള്ള ഉന്നതമായ ധാർമികഗുണം മറ്റേതെങ്കിലും പ്രവാചകനിൽ കാണാൻ കഴിയുമോ? ഒരിക്കലുമില്ല. അക്കൂട്ടർ നബിﷺതിരുമേനിയെ തന്നെയും മറ്റുബന്ധുമിത്രാദികളേയും സ്വഹാബാക്കളേയും കൊടിയദുരിതങ്ങളിൽ അകപ്പെടുത്തിയിട്ടും പൊറുക്കാനാകാത്ത യാതനകളുണ്ടാക്കിയിട്ടും നബിﷺതിരുമേനിക്ക് ഏതു ശിക്ഷയും നല്കാനുള്ള അധികാരമുണ്ടായിട്ടും ക്ഷണത്തിൽ മാപ്പു നല്കുകയായിരുന്നു. അവർക്ക് ശിക്ഷ നല്കിയിരുന്നെങ്കിൽ അത് തികച്ചും നീതിയും ന്യായവുതന്നെയായിരുന്നു. എന്നാൽ, നബിﷺതിരുമേനി തദവസരത്തിൽ തന്റെ ക്ഷമയുടേയും ഔദാര്യത്തിന്റേയും മാതൃക കാഴ്ച വെച്ചു. ഇക്കാര്യങ്ങൾ അത്ഭുതദൃഷ്ടാന്തങ്ങൾക്ക് പുറമെ സ്വഹാബാക്കളെ പ്രഭാവിതരാക്കിയിരുന്നു. നബിﷺതിരുമേനി മുഹമ്മദ് എന്ന നാമത്തെ അന്വർഥമാക്കി. സ്വല്ലല്ലാഹു അലയ്ഹിവസല്ലം. ഭൂമിയിൽ ആ മഹാത്മാവ് സ്തുതിക്കപ്പെട്ടു. അതുപോലെതന്നെ വാനലോകത്തും വാഴ്ത്തപ്പെട്ടു. വാനലോകത്തും അവിടന്ന് മുഹമ്മദായിരുന്നു. ഈ നാമം നബിﷺതിരുമേനിയ്ക്ക് അല്ലാഹു മാലോകർക്കുള്ള മാതൃകയെന്നോണമാണ് നല്കിയത്."ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:"ഏതുവരെ മനുഷ്യൻ തന്റെയുള്ളിൽ ഇത്തരത്തിലുള്ള ധാർമികത ഉണ്ടാക്കുന്നില്ലയോ ഒരു ഗുണവുമില്ല.നബിﷺതിരുമേനിയുടെ സ്വഭാവങ്ങളും കർമരീതികളും തങ്ങളുടെ മാർഗദർശനമാക്കാത്തിടത്തോളം ഒരാളുടെ ഉള്ളിൽ ദൈവസ്നേഹം തികവാർന്നനിലയിൽ ഉണ്ടാകുകയില്ല."*(മൽഫൂദാത്ത് വാള്യം 2, പേജ് 425-426, 2022 പതിപ്പ്)*

ഹദ്റത്ത് മസീഹ് മൗഊദ്ؑഒരിടത്ത് പറയുന്നു: "എല്ലാവരും ശ്രദ്ധിച്ച് കേൾക്കുക! പൂർണമായ ശ്രദ്ധയോടും ചിന്തയോടുംകൂടി കേൾക്കുക! കാരണം ഇത് ഈമാനിന്റെ പ്രശ്നമാണ്. ഇതിൽ അശ്രദ്ധ, മടി, ശ്രദ്ധയില്ലായ്മ തുടങ്ങിയവ ദുഷ്ഫലങ്ങളുണ്ടാക്കുന്നു. ഈമാനിൽ അശ്രദ്ധയോടെ പ്രവർത്തിക്കുന്നവരും അവരെ സംബോധന ചെയ്തു എന്തെങ്കിലും പറയുമ്പോൾ ശ്രദ്ധിച്ച് കേൾക്കുകയില്ല. പ്രസംഗിക്കുന്നവരുടെ വിവരണംകൊണ്ട് അവർക്ക്, അതെത്ര ഉന്നതവും ഫലപ്രദവുമാണെങ്കിൽത്തന്നെയും ഒരു പ്രയോജനവും ചെയ്യുകയില്ല. അത്തരക്കാരെ കുറിച്ചാണ് പറയപ്പെടുന്നത് അവർക്ക് ചെവിയുണ്ട് പക്ഷേ, കേൾക്കുന്നില്ല. ബുദ്ധിയുണ്ട് പക്ഷേ മനസ്സിലാക്കുന്നില്ല. അതുകൊണ്ട് ഓർക്കുക എന്തൊന്നാണോ വിവരിക്കപ്പെടുന്നത് ശ്രദ്ധയോടുകൂടി കേൾക്കുക. കാരണം ശ്രദ്ധയോടെ കേൾക്കാത്തവർ ഫലംപ്രദാനം ചെയ്യുന്ന ആളുടെ സദസ്സിൽ കാലങ്ങളോളം ഇരുന്നാലും ഒരു പ്രയോജനവുമുണ്ടാകുകയില്ല." (മൽഫൂദാത്ത് വാള്യം 2, പേജ് 479, 2022 പതിപ്പ്)

### ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓനെ കുറിച്ചുള്ള പ്രവചനം ഒരു അത്ഭുതദൃഷ്ടാന്തം

(ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് റളിയല്ലാഹു അൻഹു)

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനം ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദുആ സ്വീകാര്യതയുടെ മഹത്തായൊരു അടയാളമാണ്. ആ മഹാത്മാവിന്റെ ദുആ മുഖേന പ്രകടമായ മറ്റു അടയാളവുമുണ്ട്. ഉദാഹരണത്തിന് ലേഖ്റാമിന്റെ അടയാളം. നിസ്സംശയം! ഈ അടയാളവും അതിന്റെ സ്ഥാനത്ത് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സത്യസാക്ഷ്യത്തിനുള്ള ദൃഢഗാഢമായ തെളിവാണ്. എന്നാൽ, മുസ്‌ലിഹ് മൗഊദ് വെളിപ്പെട്ട അടയാളവും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ദുആ സ്വീകാര്യതയുടെ മറ്റ് അടയാളങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ അടയാളത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്ؑപ്രത്യേകമായ ഏർപാടു ചെയ്തു. അതായത് 40


• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• അല്ലാഹുവിന്റെ കലാം •

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80-81)




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ദിവസംവരെ തന്റെ പട്ടണത്തിനു പുറത്ത് ഒരു ബാഹ്യമായ സ്ഥലത്ത് ഏകാന്തമുറിയിൽ മുഴുവൻ ലോകത്തോടുമുള്ള ബന്ധം വിച്ഛേദിച്ച് ഹുദൂർعليه السلامഅല്ലാഹുവിന്റെ തിരുസന്നിധിയിൽ കരഞ്ഞുകരഞ്ഞ് ദുആകളിലും ദൈവസ്മരണയിലും മുഴുകി. ഇതിന്റെ ഫലമായി അല്ലാഹു ഹുദൂർعليه السلامന് റഹ്മത്തിന്റെ ഒരു അടയാളം പ്രദാനം ചെയ്തു. ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മറ്റടയാളങ്ങളും നിസ്സംശയം പ്രതാപപരമായ അടയാളമായിരുന്നു. പക്ഷേ, ഈ അടയാളത്തിന്റെ ഫലങ്ങൾ ഊഹിക്കാൻ പറ്റാത്തവിധത്തിൽ വിശാലമായിരുന്നു.

ഇത്തരത്തിലുള്ള അടയാളം ലോകചരിത്രത്തിൽ ദുആയുടെ ഫലമായി മൂന്നു തവണയാണ് പ്രകടമായത്.

(1) ആദ്യത്തെ അടയാളം നബിﷺതിരുമേനി വെളിപ്പെട്ട അടയാളമായിരുന്നു. അത് ഹദ്റത്ത് ഇബ്റാഹീംعليه السلامന്റെ ദുആയുടെ ഫലമായിട്ടാണ് വെളിപ്പെട്ടത്. ഈ അടയാളം താഴെ പറയുന്ന അടയാളങ്ങളിൽ ഒന്നാം സ്ഥാനത്താണ്.

(2) രണ്ടാമത്തെ അടയാളം ഹദ്റത്ത് മസീഹ് മൗഊദ്عليه السلامവെളിപ്പെട്ട അടയാളമാണ്. നബിﷺ തിരുമേനി തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളുടെ ഫലമായിരുന്നു അത്. ഈ അടയാളം ഇത്തരത്തിലുള്ള അടയാളങ്ങളിൽ അതിന്റെ തേജോവിലാസത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം സ്ഥാനത്താണ്.

(3) ലോകത്ത് ദുആ സ്വീകാര്യതയുടെ ഫലമായി വെളിപ്പെട്ട മൂന്നാമത്തെ മഹത്തായ അടയാളം അത് മുസ്‌ലിഹ് മൗഊദ്رضي الله عنهവെളിപ്പെട്ട അടയാളമാണ്. ഈ അടയാളം അതിന്റെ മാഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്താണ്. എത്രമാത്രം മഹത്തായ മനുഷ്യനാണ് മൂന്നാമത്തെ ദുആയുടെ ഫലമായി ജനിച്ചത്. ഈ ദൈവവചനത്തിന്റെ വാക്കുകളിൽനിന്ന് അത് ഊഹിക്കാവുന്നതാണ്. ആ നാല്പതുദിവസത്തെ ദുആയ്ക്കുശേഷം ഹുദൂർعليه السلامന്റെമേൽ അത് ഹോശിയാർപൂർ എന്ന സ്ഥലത്തിറങ്ങി. അത് ഫെബ്രുവരി 20 ലെ വിജ്ഞാപനത്തിൽ പ്രസിദ്ധീകരിച്ചു. അല്ലാഹുവിന്റെ വചനങ്ങളിൽ അതിശയോക്തി ഉണ്ടാകുകയില്ല. നമ്മൾ മുസ്‌ലിഹ് മൗഊദ്رضي الله عنهന്റെ തേജോവിലാസത്തിന്റെ ശരിയായ കണക്ക് കൂട്ടാനാഗ്രഹിക്കുന്നെങ്കിൽ നമ്മൾ ആ പ്രവചനത്തിന്റെ വാക്കുകൾ വായിക്കേണ്ടതാണ്. ഈ പ്രവചനത്തിൽ കോറിയിടപ്പെട്ട മനുഷ്യന്റെ സവിശേഷതകളുടേയും ശ്രേഷ്ഠതകളുടേയും ശ്ലാഘനീയമായ കർമങ്ങളുടേയും ചിത്രം എന്തൊരു തേജോവിലാസമാണ്. അതുകൊണ്ട് നബിﷺതിരുമേനിക്കും ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനും ശേഷം ദുആകളുടെ ഫലമായി ലോകത്ത് വെളിപ്പെട്ട ആ മൂന്നാമത്തെ മഹാനായ മനുഷ്യൻ മുസ്‌ലിഹ് മൗഊദ്رضي الله عنه ആകുന്നു. അദ്ദേഹത്തെ കുറിച്ച് ഈ പ്രവചനത്തിലെ വാക്കുകളിൽ പറയപ്പെട്ടിരിക്കുന്നു. ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസാണ്. ഇക്കാര്യം അടയാളങ്ങളും തെളിവുകളുംകൊണ്ടുമാത്രമല്ല സ്ഥാപിതമാകുന്നത്, പ്രത്യുത ഈ പ്രവചനത്തിന്റെ സാക്ഷാത്കാരം ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലാഹ് തന്നെയാണെന്ന് അല്ലാഹുവിന്റെ പ്രവൃത്തിയും ഉച്ചത്തിൽ സാക്ഷിപറഞ്ഞുകൊണ്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹു തന്റെ ശക്തിപ്രഭാവത്താൽ ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളേയും ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അഥ്ഥാനീ അയ്യദഹുല്ലായ്ക്കുവേണ്ടി ഏതു രീതിയിലാണ് പൂർത്തിയാക്കുകയും പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നതെന്നാൽ അത് ഒരു നീതിമാനും നിഷേധിക്കാൻ സാധിക്കുകയില്ല. ഈ പ്രവചനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തിയാക്കുക എന്നത് ഒരു മനുഷ്യന്റേയും പണിയല്ലായിരുന്നു. അല്ലാഹുവിനു മാത്രമെ അങ്ങനെ ചെയ്യാൻ സാധിക്കുമായിരുന്നുള്ളു. അവൻ ഇക്കാര്യങ്ങൾ പൂർത്തിയാക്കി, പ്രവചനത്തിൽ അറിയിക്കപ്പെട്ടിരുന്ന ആ ആഗതനാകാൻ പോകുന്നവ്യക്തി ഈ മഹ്മൂദ്(എന്റെ പിതാവും മാതാവും അങ്ങയ്ക്ക് തെണ്ടമാണ്)തന്നെയാണെന്ന് ആകാശത്തിൽനിന്ന് സാക്ഷ്യം നല്കി. അതിനാൽ ഏതെങ്കിലും ആളുടെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ സാക്ഷ്യം അല്ലാഹുവിന്റെ കർമപരമായ സാക്ഷ്യമാകുന്നു. ഈ തെളിവ് ഇവിടെ അങ്ങേയറ്റം വ്യക്തമായ നിലയിലുണ്ട്.

ഹദ്റത്ത് മഹ്മൂദ് അയ്യദഹുല്ലാഹ് മുസ്‌ലിഹ് മൗഊദാണെന്നതിന് മറ്റൊരു കാര്യവും സാക്ഷ്യം നല്കുന്നുണ്ട്. അതെന്താണെന്നാൽ അദ്ദേഹത്തിന് മുമ്പേയുള്ളവരുമായിട്ടുള്ള അല്ലാഹുവിന്റെ പെരുമാറ്റംതന്നെയാണ് അദ്ദേഹത്തോടുമുണ്ടായത്. അല്ലാഹുവിൽനിന്ന് വാഗ്ദാനം ചെയ്യപ്പെട്ടവർ ലോകത്തിന്റെ പരിഷ്കരണത്തിന് വന്നുകൊണ്ടിരുന്നപ്പോഴെല്ലാം അവരെ സംബന്ധിച്ചുണ്ടായിക്കൊണ്ടിരുന്ന അല്ലാഹുവിന്റെ നടപടിക്രമം അവരുടെ ജനതയിലെ നേതാക്കന്മാർ അവർക്കെതിരിൽ എഴുന്നേറ്റുനിന്നുവെന്നതാണ്. അവർ ഇവരെ പരാജയപ്പെടുത്തുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിച്ചു. ഹദ്റത്ത് മൂസാعليه السلامന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്നെതിൽ എഴുന്നേറ്റ ഏറ്റവും വലിയ മനുഷ്യൻ ഫിർഔനായിരുന്നു. അയാൾ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ജനതയേയും നശിപ്പിക്കാൻ ശ്രമിച്ചു. ഹദ്റത്ത് ഈസാعليه السلامയുടെ കാലഘട്ടത്തിൽ യഹൂദികളുടെ ഏറ്റവും വലിയ മനുഷ്യൻ അയാൾ അവരുടെ നേതാവായിരുന്നു, ഇയാളുടെ പേര് കാഇഫ എന്നായിരുന്നു അയാൾ അദ്ദേഹത്തെ പരാജയപ്പെടുത്താൻ പിന്നാലെ കൂടി. നബിﷺതിരുമേനിയുടെ കാലത്ത് മക്ക താഴ്‌വരയുടെ സർദാർ അബൂജഹ്ൽ അദ്ദേഹത്തെ എതിർക്കുമെന്ന് ഉറച്ച തീരുമാനമെടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ കാലഘട്ടത്തിൽ മുസ്‌ലിമീങ്ങളുടെ നേതാക്കന്മാരായ മുഹമ്മദു ഹുസയ്ൻ ബട്ടാലവിയും നദീർ ഹുസയ്ൻ ദഹ്‌ലവിയും എതിർക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്ത കാരണത്താൽ അല്ലാഹുവിന്റെ ഇൽഹാമിൽ ഫിർഔനെന്നും ഹാമാനെന്നുമുള്ള സ്ഥാനപ്പേര് അവർ പ്രാപിച്ചു. ഇതേപോലെ തന്നെ അല്ലാഹുവിന്റെ മുമ്പേയുള്ള സുന്നത്തനുസരിച്ച് മഹ്മൂദ് എഴുന്നേറ്റു നിൽക്കുന്ന സമയമായപ്പോൾ അഹ്മദിയ്യ ജമാഅത്തിലെ ഉന്നതനായ വ്യക്തി, എപ്രകാരംമുമ്പേയുള്ള പരിഷ്കർത്താക്കളുടെ കാലത്ത് തലവന്മാരായ ആളുകൾ എഴുന്നേറ്റു നിന്നുവോ അദ്ദേഹത്തിന്നെതിരിൽ എഴുന്നേറ്റുനിന്നു. ഇപ്രകാരം അവർ തങ്ങളുടെ കർമംകൊണ്ട് ആരാണോ ഇപ്പോൾ എഴുന്നേറ്റു നിൽക്കാൻ പോകുന്നത് അദ്ദേഹം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകർ(അലയ്ഹിസ്സലാം)അറിയിച്ച അതേ വാഗ്ദാനം ചെയ്യപ്പെട്ടയാൾ തന്നെയാണെന്ന കാര്യം വിളംബരം ചെയ്യുകയായിരുന്നു.

ഹദ്റത്ത് ഫള്‌ലെ ഉമർ ഖലീഫത്തുൽമസീഹ് ഥാനീ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ യഥാർഥ തേജോവിലാസത്തെ പ്രകടിപ്പിക്കുന്ന മറ്റൊരു കാര്യം ഇതാണ്: അഹ്മദിയ്യ ജമാഅത്തിന്റെ അടിത്തറ അവിടത്തെ ജനനത്തോടൊപ്പമാണ് വെക്കപ്പെട്ടത്. ഹദ്റത്ത് മസീഹ് മൗഊദ്عليه السلامനെ സംബന്ധിച്ച് സദുദ്ദേശ്യം വെച്ചു പുലർത്തിയിരുന്നവർ അവിടത്തെ രചനകളുടേയും പ്രവചനങ്ങളുടേയും അടയാളങ്ങളിൽ ആകർഷിതരായിരുന്നു. (തുടരും)


• ഹദീഥുന്നബവിﷺ •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES


ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 02 October 2025 Issue-40

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# മൽഫൂദാത്ത്

## വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്عليه السلام

### വാല്യം 2–ൽ നിന്നുള്ള ചില ഉദ്ധരണികൾ

അല്ലാഹു നട്ട ചെടി വൃത്തികെട്ട ഈ ആളുകളുടെ ഊത്തുകൾ കൊണ്ട് ഇല്ലാതാകുക എന്നത് ഒരിക്കലും സംഭാവ്യമല്ല. അവർ അല്ലാഹുവിൽനിന്നുള്ളവരാണെന്നതിന് ഈയൊരു അടയാളവും വ്യത്യാസവുമാണുണ്ടാകുന്നത്. അതായത് അവരെ നശിപ്പിക്കുന്നതിന് എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ, അവർ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു.

“അല്ലാഹുവിന്റെ സുന്നത്ത് അഥവാ നടപടിക്രമം എങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നാൽ, അല്ലാഹുവിലേക്ക് ചുവടുവെക്കുന്ന ഓരോ വ്യക്തിയ്ക്കുവേണ്ടിയും പരീക്ഷണം തീർച്ചയായും വെച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു, അഹസിബന്നാസു അൻയ്യുത്റക്കൂ അൻയ്യഖൂലൂ ആമന്നാ വഹും ലാ യുഫ്തനൂൻ പരീക്ഷിക്കുക എന്നത് അല്ലാഹുവിന്റെ ശീലമാണ്. അദൃശ്യങ്ങൾ അറിയുന്ന അല്ലാഹുവിന് പരീക്ഷിക്കേണ്ട ആവശ്യമെന്താണെന്ന് ചിന്തിക്കരുത്. ഇതു നമ്മൾ മനസ്സിലാക്കുന്നതിന്റെ പിഴവാണ്. അല്ലാഹു പരീക്ഷണത്തിന്റെ ആശ്രിതനല്ല; മനുഷ്യൻതന്നെയാണ് ആശ്രിതൻ. തന്റെ അവസ്ഥയെ കുറിച്ച് അവനറിയുന്നതിനും തന്റെ ഈമാനിന്റെ സത്യാവസ്ഥ തുറക്കുന്നതിനും വേണ്ടിയാണിത്. ഭിന്നാഭിപ്രായങ്ങൾ കേട്ട് തോൽപ്പിക്കപ്പെട്ടവനാകുകയാണെങ്കിൽ അശക്തനാണെന്ന് സമ്മതിക്കേണ്ടിവരുന്നു. എത്രത്തോളം വിജ്ഞാനങ്ങളും കലകളും ലോകത്തുണ്ടോ പരീക്ഷണം കൂടാതെ അവയെ മനസ്സിലാക്കാൻ പറ്റുകയില്ല. ദൈവത്തിന്റെ പരീക്ഷണമെന്നു പറയുന്നത് ഇതുതന്നെയാണ്, അതായത് മനുഷ്യൻ തന്റെ സ്ഥിതിയെന്താണെന്ന് മനസ്സിലാക്കുക. ഇക്കാരണത്താലാണ് ദൈവനിയോഗിതർക്ക് തീർച്ചയായും ശത്രുക്കളുണ്ടാകുന്നത്. അവൻ അവർക്ക് ദുഃഖങ്ങളും വിഷമങ്ങളുമുണ്ടാക്കുന്നു. നിന്ദിക്കുന്നു. അത്തരം നേരത്ത് സൽപ്രകൃതക്കാർ തങ്ങളുടെ തെളിമയാർന്ന വിവേക ബുദ്ധികൊണ്ട് അവരുടെ സത്യസാക്ഷ്യം പ്രാപിക്കുന്നു. അതിനാൽ ദൈവനിയോഗിതന്റെ എതിരാളുകളുടെ സാന്നിദ്ധ്യം നിർബന്ധമാണ്;പൂക്കളോടൊപ്പം മുള്ളുകളുമുള്ളതുപോലെ. ഔഷധവുമുണ്ട്. വിഷങ്ങളുമുണ്ട്. എതിർപ്പുണ്ടാകാത്ത ഏതെങ്കിലും നബിയുടെ കാലത്തെ കുറിച്ച് ആരെങ്കിലും നമുക്കൊന്നു പറഞ്ഞുതരട്ടെ. അവർ അദ്ദേഹത്തെ കച്ചവടക്കാരനെന്നും ചതിയനെന്നും കള്ളനെന്നും കറ്റുകെട്ടുകാരനെന്നും പറയാതിരുന്നതായിട്ട്! മൂസാعليه السلامയ്ക്കുമേലും കറ്റുകെട്ടിപ്പറഞ്ഞു. എത്രത്തോളമെന്നാൽ ഒരു ദുർഭഗൻ വ്യഭിചാരാരോപണം ഉന്നയിച്ചു. ഒരു സ്ത്രീയെ അതിന് സാക്ഷിയായി കൊണ്ടുവരികയും ചെയ്തു. ചുരുക്കത്തിൽ ആളുകൾ പരീക്ഷിക്കപ്പെടാൻ അവരുമേൽ എല്ലാ തരത്തിലുള്ള കറ്റുകെട്ടുകളും ആരോപിക്കുന്നു. അല്ലാഹു നട്ട ചെടി വൃത്തികെട്ട ഈ ആളുകളുടെ ഊത്തുകൾകൊണ്ട് ഇല്ലാതാകുക എന്നത് ഒരിക്കലും സംഭാവ്യമല്ല. അവർ അല്ലാഹുവിൽനിന്നുളളവരാണെന്നതിന് ഈയൊരു അടയാളവും വ്യത്യാസവുമാണുണ്ടാകുന്നത്. അതായത് അവരെ നശിപ്പിക്കുന്നതിന് എതിരാളികൾ ശ്രമിക്കുന്നു. എന്നാൽ, അവർ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു. അതേ! അല്ലാഹുവിൽ നിന്നല്ലാത്തവൻ അവസാനം നശിച്ച് നാമാവശേഷ.മാകുന്നു. പക്ഷേ, അല്ലാഹു സ്വന്തം കൈകൊണ്ട് നട്ടവൻ ഒരാളുടേയും ശ്രമംകൊണ്ട് നശിക്കുകയില്ല. അവർ വെട്ടിക്കളയാനാഗ്രഹിക്കുന്നു, പക്ഷേ, അവർ വളരുന്നു. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് അല്ലാഹുവിന്റെ കൈകൾ അവനെ താങ്ങിപിടിക്കുന്നുവെന്നാണ്.”(മൽഫൂദാത്ത് വാല്യം 2, പേജ് 48 പതിപ്പ് 2018 ഖാദിയാൻ)

### ഇസ്തിഗ്ഫാറിന്റെ നേട്ടമെന്താണ്?

“ഇസ്തിഗ്ഫാറിന്റെ നേട്ടമെന്താണ്? ഇതു വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു:“വഅനിസ്തഗ്ഫിറൂ റബ്ബക്കും ഥുമ്മ തൂബു ഇലയ്ഹി(11:4)(നിങ്ങളുടെ നാഥനോടു നിങ്ങൾ പാപമോചനത്തിന് അർഥിക്കുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക.) ഓർമിക്കുവിൻ!രണ്ടു കാര്യങ്ങൾ ഈ ഉമ്മത്തിന് നല്കപ്പെട്ടിരിക്കുന്നു. ഒന്ന് ശക്തി കരസ്ഥമാക്കുന്നതിനുവേണ്ടി. രണ്ട് കരസ്ഥമാക്കിയ ശക്തി കർമപരമായ നിലയിൽ കാണിക്കുന്നതിനുവേണ്ടി. ശക്തി കരസ്ഥമാക്കുന്നതിനാണ് ഇസ്തിഗ്ഫാർ അഥവാ മാപ്പിന്നപേക്ഷിക്കൽ. അതിനെ മറ്റുവാക്കുകളിൽ ഇസ്തിംദാദ് എന്നും ഇസ്തിആനത്ത് എന്നും പറയുന്നു.” അല്ലാഹുവിൽനിന്ന് സഹായം തേടൽ. “സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു:എപ്രകാരം വ്യായാമം ചെയ്യുന്നതുകൊണ്ട് ഉദാഹരണത്തിന് ഘനമുള്ള വസ്തുക്കൾ പൊക്കുകയും താക്കുകയും തിരിക്കുകയും ചെയ്യുന്നതിലൂടെ ശാരീരികമായ കഴിവും ശക്തിയും വർധിക്കുന്നു. വെയ്റ്റ്ലിഫ്റ്റിംഗ് ചെയ്യുന്നവർ, വെയ്റ്റ് ഉയർത്തുന്നവർ, വിവിധരീതിയിലുള്ള വ്യായാമം ചെയ്യുന്നവർ എപ്രകാരം അവർ അതു ചെയ്യുന്നതുകൊണ്ട് ശാരീരികമായ ശക്തി വർധിക്കുന്നുവോ “അതേ രീതിയിൽ ആത്മീയമായിട്ടുള്ള വ്യായാമത്തിനുള്ള ദണ്ഡാണ് ഇസ്തിഗ്ഫാർ. അതിനോടൊപ്പം ആത്മാവിന് ഒരു ശക്തി ലഭിക്കുകയും മനസ്സിന് സ്ഥൈര്യമുണ്ടാകുകയും ചെയ്യുന്നു. ആർക്കാണോ ക്ഷീരശക്തി ആവശ്യമുള്ളത് അവർ ഇസ്തിഗ്ഫാർ ചെയ്തുകൊള്ളട്ടെ.”

ശക്തി കരസ്ഥമാക്കണമെങ്കിൽ ഇസ്തിഗ്ഫാർ ചെയ്യുക. “ഗഫ്ർ’ പൊതിഞ്ഞുവെക്കുന്നതിനും മറച്ചുവെക്കുന്നതിനുമാണ് പറയുന്നത്. ഇസ്തിഗ്ഫാർ കൊണ്ട് മനുഷ്യൻ അല്ലാഹുവിൽനിന്ന് തടയുന്ന വികാരങ്ങളേയും ചിന്താഗതികളേയും പൊതിഞ്ഞുവെക്കാനും മറച്ചുവെക്കാനും ശ്രമിക്കുന്നു. അതുകൊണ്ട് ഇസ്തിഗ്ഫാറിന്റെ അർഥം മനുഷ്യനെ ആക്രമിച്ച് നശിപ്പിക്കുന്ന വിഷലിപ്തമായ ദോഷബീജങ്ങളുടെമേൽ വിജയം വരിക്കുക എന്നതാണ്. അല്ലാഹുവിന്റെ കൽപനകൾ അനുഷ്ഠിക്കുന്നതിന്റെ വഴിയിൽ വരുന്ന തടസങ്ങളിൽനിന്ന് രക്ഷപ്പെട്ട് അവയെ കർമപരമായ രീതിയിൽ കാണിക്കുക. അല്ലാഹു മനുഷ്യനിൽ രണ്ടുതരത്തിലുള്ള ധാതുക്കൾ വെച്ചിട്ടുണ്ടെന്ന കാര്യവും ഓർമവെക്കേണ്ടതുണ്ട്. ഒന്ന് ‘സമ്മി മാദ.”അതായത് വിഷമുള്ള ധാതു. “അതിനു വേണ്ടി നിയോഗിക്കപ്പെട്ടവൻ ശയ്ത്വാനാണ്. രണ്ടാമത്തേത് വിഷദോഷഹരം. അതായത് വിഷത്തിന്റെ ദോഷങ്ങളെ നശിപ്പിക്കുന്ന ഔഷധം. മനുഷ്യൻ അഹങ്കരിക്കുകയും താനെന്തൊക്കെയോ ആണെന്ന് കരുതുകയും ചെയ്യുമ്പോൾ വിഷദോഷകരമായ ഉറവിൽനിന്ന് സഹായമെടുക്കുന്നില്ലെങ്കിൽ വിഷമുള്ള ധാതു വിജയംവരിക്കുന്നു.“പക്ഷേ, തന്നെ സ്വയം നിസ്സാരനും എളിയവനുമായി മനസ്സിലാക്കുകയും തനിക്ക് അല്ലാഹുവിന്റെ സഹായം ആവശ്യമുണ്ടെന്ന് തോന്നുകയും ചെയ്യുന്ന നേരത്ത് അല്ലാഹുവിൽനിന്ന് ഒരു ഉറവുണ്ടാകുന്നു. അതുമുഖേന അവന്റെ റൂഹ് അഥവാ ആത്മാവ് അലിഞ്ഞൊഴുകി പുറപ്പെടുന്നു. ഇതാണ് ഇസ്തിഗ്ഫാറിന്റെ അർഥം. അതായത് ആ ശക്തിയെ പ്രാപിച്ച് വിഷകരമായ ധാതുവിനുമേൽ വിജയം നേടുക.” യഥാർഥമായ ഇസ്തിഗ്ഫാർ ഇതാണ്.“ചുരുക്കത്തിൽ ഇതിന്റെ അർഥം അതായത് ആരാധനയിൽ ഇങ്ങനെ നിലകൊള്ളുക. ഒന്നാമതായി നബിﷺ തിരുമേനിയെ അനുധാവനം ചെയ്യുക. രണ്ടാമത്തേത് എപ്പോഴും അല്ലാഹുവിൽനിന്ന് സഹായം തേടുക അതേ!ആദ്യം നിങ്ങളുടെ റബ്ബിൽനിന്ന് സഹായം തേടുക. ശക്തി കിട്ടിക്കഴിഞ്ഞാൽ തൂബൂഇലയ്ഹി അവനിലേക്ക്

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin